കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.lfa.kerala.gov.in

# ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്
# 2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് ഓഫീസ്
എറണാകുളം
e-mail:doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി.6)1699/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട്-682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി :05.11.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഉദയംപേരൂർ ഗ്രാമപഞ്ചായത്ത്

സർ,

<u>വിഷയം</u> :- ഉദയംപേരൂർ ഗ്രാമപഞ്ചായത്ത് – 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :-

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

ബിന്ദു

നം.കെ.എസ്.എ.ഇകെഎം(പി.6)1699/2019 തീയതി : 05.11.2019

**എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമ പഞ്ചായത്ത് 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട്*
*ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

എറണാകുളം ജില്ലയിലെ ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 01.04.2018 മുതൽ 31.03.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തമുണ്ടായിരിക്കുന്നതല്ല.

## (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപ്പേരും | ശ്രീ.വിനോദ്.കെ.കെ<br>ഡെപ്യൂട്ടി ഡയറക്ടർ |

| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും** |
|---|---|
| 16.09.2019മുതൽ 01.10.2019 വരെ | 1. ശ്രീ.സി.സി.ജ്യോതിമോൻ,<br>ഓഡിറ്റ് ഓഫീസർ<br>2. ശ്രീമതി.ബബിത.ബി.കുമാർ,<br>സീനി. ഗ്രേഡ് ഓഡിറ്റർ<br>3. ശ്രീ.രാജീവ്.ആർ ,<br>സീനി.ഗ്രേഡ് ഓഡിറ്റർ |

## (ബി) നിർവ്വഹണാധികാരികൾ

### 1) പ്രസിഡന്റ്

| | | |
|---|---|---|
| 1 | ശ്രീ.ജോൺ ജേക്കബ് | 01.04.2018മുതൽ 31.03.2019 വരെ |

### 2) സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീമതി. കെ.എ.സലീമ | 1.4.2018 മുതൽ 30.4.18വരെ |
| 2 | ശ്രീമതി.കെ.ഒ. മേഴ്സി | 1.5.18 മുതൽ.21.6.18 (ഇൻ ചാർജ്ജ്) |
| 3 | ശ്രീ. രാജീവ്. ആർ | 22.6.18 മുതൽ 6.7.18(ഇൻ ചാർജ്ജ്) |
| 4 | ശ്രീമതി. റീന റാഫേൽ | 7.7.18 മുതൽ 31.3.19 വരെ |

### 3) സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. മിനി ദിവാകരൻ | 01.04.2018 മുതൽ 07.07.2018 വരെ |
| | | ശ്രീമതി. ജയ കേശവദാസ് | 06.08.18 മുതൽ 31.03.2019 വരെ (08.07.18 മുതൽ 05.08.18 വരെ ഒഴിവ്) |
| 2 | വികസന കാര്യം | ശ്രീ.ഇ.എസ്. ജയകുമാർ | 01.04.2018മുതൽ 31.03.2019 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി.തുളസി ദാസപ്പൻ | 01.04.2018മുതൽ 31.03.2019 വരെ |
| 4 | ആരോഗ്യ / വിദ്യാഭ്യാസ കാര്യം | ശ്രീ.പി.വി.ലോഹിതാക്ഷൻ | 01.04.2018മുതൽ 31.03.2019 വരെ |

### മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര് വിവരങ്ങൾ

| | | | |
|---|---|---|---|
| 1 | കൃഷി ഓഫീസർ | ശ്രീ. സുനിൽകുമാർ | 01.04.2018മുതൽ 31.03.2019 വരെ |
| 2 | വെറ്ററിനറി സർജൻ | ശ്രീമതി. ശീതൾ ജി മോഹനൻ | 01.04.2018മുതൽ 31.03.2019 വരെ |
| 3 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.ഈശ്വരി എസ്.എസ് | 01.04.2018മുതൽ 03.05.2018 വരെ |
| | | ശ്രീമതി.പ്രജിന വിബിൻ | 04.05.2018മുതൽ 31.03.2019 വരെ |
| 4 | വി.ഇ.ഒ, പൂത്തോട്ട | ശ്രീ രാജേഷ് കുമാർ | 01.04.2018മുതൽ 31.03.2019 |

| | | | |
|---|---|---|---|
| | | ഇ.പി | വരെ |
| | വി.ഇ.ഒ, കണ്ടനാട് | ശ്രീമതി.ശ്രീലത സി.എസ് | 01.04.2018മുതൽ 31.03.2019 വരെ |
| | വി.ഇ.ഒ, ഉദയംപേരൂർ | ശ്രീമതി. പ്രസീന പി | 01.04.2018മുതൽ 31.03.2019 വരെ |
| 5 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ. മഞ്ജു | 01.04.2018മുതൽ 11.03.2019 വരെ |
| | | ഡോ.ഷീജ | 12.03.2019മുതൽ 31.03.2019 വരെ |
| 6 | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | ഡോ. പി.രാംകുമാർ | 01.04.2018മുതൽ 31.03.2019 വരെ |
| 7 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ജ്രൂബി ഫ്രാൻസിസ് | 01.04.2018മുതൽ 31.03.2019 വരെ |
| 8 | അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി. കെ.ഒ മേഴ്സി | 01.04.2018മുതൽ 21.06.2018 വരെ |
| | | ശ്രീ.രാജീവ് ആർ | 22.06.2018 മുതൽ 20.10.2018 FN വരെ |
| | | ശ്രീ.സജ്.ജാദ് ഹുസൈൻ | 20.10.2018AN മുതൽ 19.11.2018 വരെ |
| | | ജിഷ കാതറിൻ റ്റി.ഡബ്ലിയു | 20.11.2018മുതൽ 31.03.2019 വരെ |
| 9 | അസി. എൻജിനീയർ | ശ്രീമതി. ജോജി യേശുദാസ് | 01.04.2018മുതൽ 31.03.2019 വരെ |
| 10 | എച്ച്.എം.ജി.എൽ.പി.എസ് | ശ്രീമതി. ലേഖ രവീന്ദ്രൻ | 01.04.2018മുതൽ 31.03.2019 വരെ |
| 11 | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീമതി. ഷൈമ ജെ | 01.04.2018മുതൽ 31.03.2019 വരെ |
| 12 | ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി. നിത ആർ | 01.04.2018മുതൽ 31.03.2019 വരെ |

.**<u>ഉള്ളടക്കം</u>**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം) | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |

| | | |
|---|---|---|
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| 13 | ഓഡിറ്റ് ഇംപാക്റ്റ് | 1-13 |
| 14 | പുനർ ലേലം ചെയ്തപ്പോൾ പഞ്ചായത്തിനുണ്ടായ നഷ്ടം നഷ്ടോത്തരവാദിയിൽ നിന്ന് ഈടാക്കിയില്ല | 1-14 |
| 15 | തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതു മൂലം പഞ്ചായത്തിന് നഷ്ടം | 1-15 |
| 16 | കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഫാക്റ്റോസ് ഫീസ് ചുമത്തുന്നു. | 1-16 |
| 17 | തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ് മീറ്റർ സ്ഥാപിക്കാത്തത് മൂലം അധിക ചെലവ് | 1-17 |
| 18 | പഠനമുറി -പദ്ധതി നിർവഹണത്തിലെ അപാകത | 1-18 |
| 19 | വസ്തു നികുതി പുനർ നിർണ്ണയിക്കാത്തതുമൂലം നഷ്ടം | 1-19 |
| 20 | പഞ്ചായത്ത് വാഹനങ്ങളുടെ അറ്റകുറ്റപണികൾക്ക് അനധികൃത ഇൻവോയ്സുകൾ പ്രകാരം പണം നല്കുന്നു. | 1-20 |
| 21 | വാങ്ങിയ സാധനങ്ങളുടെ വിതരണം പൂർണ്ണമല്ല | 1-21 |
| 22 | റോഡ് റീ-ടാറിംഗ്- അപാകതകൾ | 1-22 |
| 23 | ക്ഷമതയില്ലാത്ത കരാറുകാരനെ നിർമ്മാണ പ്രവൃത്തി ഏൽപിച്ചത് സംബന്ധിച്ച്. | 1-23 |
| 24 | നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല | 1-24 |
| 25 | നിക്ഷേപ പ്രവർത്തികൾ - പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല. | 1-25 |
| 26 | നിക്ഷേപ പ്രവർത്തികൾ - തുക ഭാഗികമായി മാത്രം നിക്ഷേപിക്കുന്നു. | 1-26 |
| 27 | കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല. | 1-27 |
| 28 | സർക്കാർ ഉത്തരവിനു വിരുദ്ധമായി പാലിയേറ്റീവ് കെയർ പ്രോജക്ട് നടപ്പാക്കിയതു മൂലം അധിക ചെലവ് | 1-28 |
| 29 | പണം നല്കിയിട്ടും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് ലഭിച്ചില്ല. | 1-29 |
| 30 | കുറുപ്പശ്ശേരി റോഡ് റീ-ടാറിംഗ്- അപാകതകൾ | 1-30 |
| 31 | ഭൂരഹിത പട്ടിക ജാതി വിഭാഗത്തിന് ഫ്ലാറ്റ് നിർമ്മാണം - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പണം ചെലവഴിച്ചു. | 1-31 |

| | | |
|---|---|---|
| 32 | ഗ്രോബാഗ് വിതരണം -പദ്ധതി നടത്തിപ്പിലെ അപാകത | 1-32 |
| 33 | നിശ്ചിത സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയിട്ടില്ല | 1-33 |
| 34 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ നിഷ്ക്രിയ അക്കൗണ്ടുകൾ തുടരുന്നു. | 1-34 |
| 35 | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്- അപാകത | 1-35 |
| 36 | തുടർ സാക്ഷരത -രേഖകളില്ല . | 1-36 |
| 37 | തൊഴിലുറപ്പ് പദ്ധതി- മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നടപ്പിലാക്കുന്നു. | 1-37 |
| 38 | അനുവദനീയമല്ലാത്ത പ്രൊജക്ട് രൂപീകരിച്ച് തുക ചെലവഴിച്ചു | 1-38 |
| | ഭാഗം 2 | |
| 39 | വസ്തു നികുതി പുനർ നിർണ്ണയിക്കാത്തതുമൂലം നഷ്ടം | 2-1 |
| | ഭാഗം 3 | |
| 40 | സർക്കാർ ഉത്തരവിനു വിരുദ്ധമായി പാലിയേറ്റീവ് കെയർ പ്രോജക്ട് നടപ്പാക്കിയതു മൂലം അധിക ചെലവ് | 3-1 |
| 41 | കുരുമുളക് കൃഷി വികസനം -സബ്സിഡി തുക പരിധിയിൽ കവിഞ്ഞ് ചെലവഴിച്ചു | 3-2 |
| 42 | റോഡ് റീടാറിംഗ്- അപാകതകൾ | 3-3 |
| | ഭാഗം 4 | |
| 43 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 44 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരം | 4-2 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 46 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 47 | ഓഡിറ്റ് റിക്കവറി | 4-5 |
| 48 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-6 |
| 49 | ചാർജ്ജ്/ സർചാർജ് നടപടികളുടെ വിവരം | 4-7 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 52 | ഓഡിറ്റ് സാക്ഷ്യ പത്രം | അനുബന്ധം-1 |
| 53 | ബാലൻസ് ഷീറ്റ് | അനുബന്ധം-2 |
| 54 | ഇൻകം & എക്സ്പെന്റീച്ചർ പത്രിക | അനുബന്ധം-3 |
| 55 | റെസീപ്റ്റ് & പേയ്മെന്റ് പത്രിക | അനുബന്ധം-4 |


# ഭാഗം -1

# ഓഡിറ്റ് റിപ്പോർട്ട്

# 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 26.03.18 തീയതിയിലെ ഒന്നാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 250847000 | 263833000 |
| വാർഷിക കണക്ക് പ്രകാരം | 81801186 | 83277939 |

**ബജറ്റ് തയ്യാറാക്കൽ - നടപടിക്രമങ്ങൾ പാലിച്ചില്ല**

ബജറ്റ് തയ്യാറാക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലാ നിർവ്വഹണം തൃപ്തികരമല്ല എന്ന് മിനിറ്റ്സ് പരിശോധനയിൽ വ്യക്തമാകുന്നു. 2018-19 ലെ ബജറ്റ് തയ്യാറാക്കലിൽ നിയമാനുസൃതമുള്ള നടപടിക്രമങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

1. ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട നോൺപ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഘടക സ്ഥാപന മേധാവികളുടെ യോഗം വിളിച്ചു ചേർക്കുകയോ, നോൺ പ്ലാൻ എസ്റ്റിമേറ്റുകൾ തയ്യാറാക്കി സെക്രട്ടറി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയോ ചെയ്തതിന്റെ വിവരങ്ങൾ മിനിറ്റ്സിലില്ല.
2. അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺപ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പു വരുത്തിയിട്ടില്ല.
3. പുതിയ നികുതി നിർദ്ദേശങ്ങൾ സംബന്ധിച്ച ചർച്ചകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ നടത്തിയിട്ടില്ല.

നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയിട്ടുള്ളതിനാൽ ബജറ്റു പ്രകാരം കണക്കാക്കിയിരുന്ന വരവു ചെലവുകളും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ ഭീമമായ അന്തരം ഉണ്ടായിട്ടുണ്ട്. മുൻ വർഷങ്ങളിലെ വരവു ചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവ് ചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2018-19 | 31.07.2019 | 31.05.2019 |

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | വാർഷിക കണക്ക് പരിശോധിച്ച തിയതി | സർട്ടിഫിക്കറ്റ് നം./ തീയതി |
|---|---|---|
| 2018-19 | 10.6.19 – 11.6.19 | കെ.എസ്.എ ഇ.കെ.എം (പിജി) 1227(11)2019/14.8.19 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 42110119 |
| വരവ് | 81801186 |
| ആകെ | 123911305 |
| ചെലവ് | 83277939 |
| നീക്കിയിരിപ്പ് | 40633366 |

# 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | | മുൻബാക്കി | തൻവർഷ വരവ് (എ.സി.ആർ പ്രകാരം) | ആകെ | ചെലവ് (എ.സി.ആർ പ്രകാരം) | നീക്കി ബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | | 00 | 20630549 | 20630549 | 20630549 | 00 |
| വികസന ഫണ്ട് (എസ്.സി.പി.) | | 00 | 8724000 | 8724000 | 7184033 | 00 |
| വികസന ഫണ്ട് (റ്റി.എസ്.പി) | | 00 | 526000 | 526000 | 108325 | 00 |
| സംരക്ഷണ ഗ്രാൻറ് (റോഡ്) | | 00 | 3732000 | 3732000 | 3732000 | 00 |
| സംരക്ഷണ ഗ്രാൻറ് (റോഡിതരം) | | 00 | 4278000 | 4278000 | 3864780 | 00 |
| 13-ാം ധനകാര്യ കമ്മീഷൻ അവാർഡ് | | 00 | 11731293 | 11731293 | 9585000 | 00 |
| ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | | 71885 | 564905 | 636790 | 539037 | 97753 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | | 30277721 | 13596402 | 43874123 | 17908372 | 25965751 |
| ദുരിതാശ്വാസ നിധി | | 1296 | 46 | 1342 | 00 | 1342 |
| സാക്ഷരത | | 8460 | 300 | 8760 | 00 | 8760 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | ബ്ലോക്ക് | 300000 | 960500 | 1260500 | 725000 | 535500 |
| | ജില്ലാപഞ്ചായത്ത് | 600000 | 846100 | 1446100 | 1246100 | 200000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | ICDS | 756537 | 629700 | 1386237 | 665879 | 720358 |
| | ടോട്ടൽ | 531259 | 1156400 | 1687659 | 405059 | 1282600 |

| | | | | | | |
|---|---|---|---|---|---|---|
| | സാനിട്ടേഷൻ | | | | | |
| ബി ഫണ്ട് | | 00 | 238320 | 238320 | 238320 | 00 |
| തനത് ഫണ്ട് | | 9562961 | 18041423 | 27604384 | 15788250 | 11816134 |
| ലൈഫ് പദ്ധതി | | 00 | 662403 | 662403 | 657235 | 5168 |
| ആകെ | | 42110119 | 81801186 | 123911305 | 83277939 | 40633366 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്-ശതമാനം |
|---|---|---|---|---|---|---|
| 160 | 84527438 | 127 | 55074245 | - | 33 | 79 |

**<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>**

ഇല്ല.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 71885 | 564905 | 636790 | 539037 | 97753 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 00 | 22152867 | 22152867 | 22152867 | 00 |
| ആകെ | 71885 | 22717772 | 22789657 | 22691904 | 97753 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 178320 | 103 |
| കർഷകതൊഴിലാളി പെൻഷൻ | 5604000 | 491 |
| വിധവാപെൻഷൻ | 14630300 | 1277 |
| വാർദ്ധക്യകാല പെൻഷൻ | 35394900 | 3352 |
| വികലാംഗപെൻഷൻ | 4868200 | 399 |
| വിവാഹധനസഹായം | 60000 | 2 |
| 50 വയസ്സിനു മേൽ പ്രായമുള്ള | 989500 | 79 |

| | | |
|---|---|---|
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | | |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.09.2019 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22617/- രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ സുതാര്യവും ജനകീയവും വികസനപരവുമായ പ്രവർത്തനം സാധ്യമാക്കുവാൻ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി 02.07.2009 ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 123/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നു. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ പറയുന്ന അപാകതകൾ ഉള്ളതായി കാണുന്നു.

1. ബിൽ കളക്ടർമാർ (ക്ലർക്ക്) പിരിക്കുന്ന പണം ഫ്രണ്ട് ഓഫീസിൽ അടക്കും മുൻപ് അതിന്റെ കൃത്യത ഉറപ്പിക്കാനാവശ്യമായ പരിശോധന നടക്കുന്നില്ല.
2. തപാലുകളുടെ തീർപ്പാക്കൽ വിവരങ്ങൾ നിരീക്ഷിക്കുന്നതിനായി അതാത് സെക്ഷനുകൾ സൂക്ഷിക്കേണ്ട പേഴ്സണൽ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പ്രസ്തുത രജിസ്റ്റർ സൂചികയിൽ നിന്നും ലഭിക്കുമെന്ന് പറയുന്നതല്ലാതെ നാളിതുവരെ പ്രിന്റൗട്ട് എടുത്ത് ഉത്തരവാദപ്പെട്ടവർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.
3. ചരക്കുകളുടേയും സേവനങ്ങളുടേയും വാർഷിക വാങ്ങലുകൾക്ക് നിശ്ചിത തുക ബജറ്റിൽ വകയിരുത്തുക മാത്രമാണ് ചെയ്യുന്നത്. വാർഷികാവശ്യം പരിഗണിച്ച് വാങ്ങലുകൾ തിട്ടപ്പെടുത്തപ്പെടുന്നില്ല.
4. വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.
5. ഭരണ സമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.
6. ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.
7. കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കയ്യൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നും തന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. തന്മൂലം പഞ്ചായത്തിലെ ആസ്തികളുടെ കൃത്യമായ കണക്ക് വിവരം ലഭ്യമാകുന്നില്ല.
8. മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യ

സ്റ്റാന്റിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.08.2019 | 01.07.19— 31.07.19 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.10.18—16.10.18 | 2013-14 മുതൽ 2017-18 വരെ | 01.12.18 |

# 1-12 വാർഷിക കണക്കിലെ അപാകതകൾ

കെ.എസ്.എ-ഇ.കെ.എം(പിജി)1786/(36)/18/30.8.2018. നമ്പരായുള്ള ഓഡിറ്റ് സാക്ഷ്യപത്രത്തിൽ വിശദ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്.

# 1-13 ഓഡിറ്റ് ഇംപാക്റ്റ്

ഓഡിറ്റ് എൻക്വയറികൾ നല്കിയതിനെത്തുടർന്ന് **3,71,604** രൂപ തിരികെ ഒടുക്കി.

| ക്രമ നം. | വിഷയം | ഓഡിറ്റ് എൻക്വയറി | തിരിച്ചടച്ച തുക | രസീത് നം., തീയതി |
|---|---|---|---|---|
| 1 | സ്കൂൾബസ്സുകളുടെ തുടർ ചെലവുകൾ-സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി തുക ചെലവഴിച്ചത് - 3,69,074/- രൂപ (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) | 3/ 20.09.19 | 3,69,074 | ചലാൻ നം.എസ് 12943; 25.09.19 |
| 2 | മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.ആർ.രാജീവ്-റേഷ്യോ പ്രൊമോഷൻ-കുടിശ്ശിക ഇനത്തിൽ 2530/-രൂപ അധികം കൈപ്പറ്റിയത് (തനത് ഫണ്ട്) | 5/ 20.09.19 | 2530 | 119020103763; 28.09.19 |
| | | | [illegible] | |

| | | | |
|---|---|---|---|
| ആകെ | 3,71,604 | | |

# 1-14 പുനർ ലേലം ചെയ്തപ്പോൾ പഞ്ചായത്തിനുണ്ടായ നഷ്ടം നഷ്ടോത്തരവാദിയിൽ നിന്ന് ഈടാക്കിയില്ല

തെക്കൻപറവൂർ മാർക്കറ്റ് ഫീസ് പിരിവ്, ലേലം, പുനർലേലം എന്നിവ നടത്തിയിട്ടും ആരും മുന്നോട്ട് വരാത്തതിനാൽ നെഗോഷ്യേഷൻ നടത്തി, 50,000/- രൂപയ്ക്ക് 01.08.18 മുതൽ 31.03.19 വരെ ഫീസ് പിരിക്കുവാനുള്ള അവകാശം ശ്രീ.കെ.എൻ പരമേശ്വരൻ, ക്ഷേത്രം പറമ്പിൽ, പെരുമ്പളം എന്നയാൾക്ക് 04.08.18 ലെ 18/1ാം നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം നൽകിയെങ്കിലും പഞ്ചായത്ത് കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടിരുന്നില്ല. കരാർ ഇല്ലാതെ തന്നെ കരാറുകാരൻ ഫീസ് പിരിക്കാൻ ശ്രമിക്കുകയും നാട്ടുകാരുടെ എതിർപ്പുമൂലം പിരിവ് നടത്താൻ കഴിയാതെവരിയും ചെയ്ത സാഹചര്യത്തിൽ കരാറുകാരൻ ലേലം ഏറ്റെടുക്കാൻ തയ്യാറാകാതിരുന്നതിനെ തുടർന്ന് 13.09.18 ൽ നടത്തിയ പുനർലേലത്തിൽ മധുസൂദനൻ, കൃഷ്ണഭവൻ, തെക്കൻ പറവൂർ എന്നയാൾ 30,000/- രൂപയ്ക്ക് പുനർലേലം കൊണ്ടു. പുനർലേലം നടത്തിയപ്പോൾ പഞ്ചായത്തിന് 20,000/- രൂപയുടെ നഷ്ടമുണ്ടായി. പിന്നീട് ശ്രീ പരമേശ്വരൻ പഞ്ചായത്തിൽ ഒടുക്കിയിരുന്ന തുകയിൽ നിന്നും ജി.എസ്.ടി കുറച്ചുള്ള 17,000/-രൂപ തിരികെ നൽകുവാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിക്കുകയും 20.10.18 ലെ 14ാം നമ്പർ തീരുമാന പ്രകാരം 17,000/-രൂപ (യഥാക്രമം വൗച്ചർ നം.21800613/26.10.18, ചെക്ക് നമ്പർ153905/26.10) പ്രകാരം ശ്രീ. പരമേശ്വരന് തിരികെ നൽകുകയും ചെയ്തു. പഞ്ചായത്തിന് നഷ്ടമുണ്ടായതിനാൽ തുക തിരികെ നൽകുന്നത് ശരിയായ കീഴ്വഴക്കമല്ലായെന്ന് 20.10.18 ലെ യോഗത്തിൽ സെക്രട്ടറി അറിയിച്ചിരുന്നെങ്കിലും തുക തിരികെ നൽകാൻ യോഗം സെക്രട്ടറിയെ ചുമതലപ്പെടുത്തുകയായിരുന്നു. എന്നാൽ ഇയാളുമായി നിശ്ചിത സമയപരിധിക്കുള്ളിൽ കരാർ ഒപ്പു വെച്ചിരുന്നെങ്കിൽ നഷ്ടതുക ഇയാളിൽ നിന്നും കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ (01.02.12ലെ സർക്കാർ ഉത്തരവ് നം13/2012/PWD/)ഖണ്ഡിക 2116.2.3 പ്രകാരം ഈടാക്കാമായിരുന്നു. മാർക്കറ്റ് ഫീസ് പിരിവുപോലുള്ള പ്രധാന കാര്യങ്ങളിൽ ഏർപ്പെടുമ്പോൾ മേൽ സൂചിപ്പിച്ച വിധമുള്ള അപാകതകൾ ഉണ്ടാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

<u>ഈ ലേലവുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾ താഴെച്ചേർക്കുന്നു.</u>

1. കരാർ ചമക്കാതിരുന്നത് പഞ്ചായത്തിന്റെ വീഴ്ച്ചയാണ്.
2. ലേലം കൊണ്ട ആൾക്ക് ഫീസ് പിരിവ് നടത്താനുള്ള ഭൗതിക സാഹചര്യം പഞ്ചായത്ത് ഒരുക്കേണ്ടത് പഞ്ചായത്തിന്റെ കടമയാണ്. ഭീഷിണിയേത്തുടർന്ന് ലേലം ഒഴിയേണ്ടിവന്നത് പഞ്ചായത്തിന്റെ അധികാരത്തോടുള്ള വെല്ലുവിളിയായതിനാൽ അതനുവദിച്ചുകൊടുത്തത് കൃത്യവിലോപമാണ്.

# 1-15 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കാത്തതു മൂലം പഞ്ചായത്തിന് നഷ്ടം

1. താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2018-19 വർഷം തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപന ഉടമയുടെ പേര്/ മേൽവിലാസം | സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ എണ്ണം (ഫാക്ടോസ് ലൈസൻസ് അപേക്ഷ പ്രകാരം) |
|---|---|---|
| 1 | എം.ബാലകൃഷ്ണൻ, കിഴക്കേ വൈരേലിൽ, 4/427D, ഉദയംപേരൂർ | 6 |
| 2 | പ്രജിത്.പി.എം, പുത്തൻപുരയിൽ, വള്ളിത്തോട്, കണ്ണൂർ, | 5 |
| 3 | രാമകൃഷ്ണൻ ആചാരി, ശാസ്താംവെളി, 1/508,ഉദയംപേരൂർ | 8 |
| 4 | സതീഷ് കുമാർ, കവിത, തൃപ്പൂണിത്തുറ,4/117A | 12 |
| 5 | ബിജു.എം.സി, മാന്നുള്ളിൽ, ഉദയംപേരൂർ,19/368 | 5 |
| 6 | പുഷ്പലതാ രാധാകൃഷ്ണൻ,വൃന്ദാവൻ,ഉദയംപേരൂർ,4/229A | 5 |
| 7 | ജിജി മാത്യു, മലയൻ ഹൗസ്, കണ്ടനാട്,3/370 | 8 |
| 8 | മനോജ് റെക്സ്, വള്ളനാട്, തൃപ്പൂണിത്തുറ, 19/435 | 10 |
| 9 | വി.ജി. സത്യഭാമ, വന്ദനവിഹാർ, ഉദയംപേരൂർ, 19/164 | 5 |
| 10 | വിജിത് പൗലോസ്, അപ്പാട് മുളന്തുരുത്തി,3/66A | 6 |
| 11 | സുമ സന്തോഷ്, കടവിത്തറയിൽ, അരയൻകാവ്,9/345B | 6 |
| 12 | സെയിം.വി.എസ്, തരാതരം, ഉദയംപേരൂർ,17/249 | 6 |
| 13 | രാജേശ്വരി സെയിം.വി.എസ്, തരാതരം,ഉദയംപേരൂർ, 17/250 | 6 |
| 14 | മാത്യൂസ് പി ജോർജ്, പന്നപ്പുറത്ത് വീട്, വെളിയന്നൂർ, 8/504B | 5 |
| 15 | സി.കെ മുഹമ്മദ് നിയാസ്, നിയാസ് മൻസിൽ, നെട്ടൂർ,13/387 | 5 |

| | | |
|---|---|---|
| 16 | അപ്പജോർജ്, കണ്ണിക്കാട്, തൊടുപുഴ, 7/466D | 9 |

2. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2018-19 വർഷം സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം | അർദ്ധവർഷം |
|---|---|---|---|
| 1 | കെ.എസ്.ഇ.ബി., ഉദയംപേരൂർ | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 2 | ജില്ലാ സഹകരണ ബാങ്ക് | ഈടാക്കിയിട്ടില്ല | ----------------- |
| 3 | ജിയോ വി.എൽ.ഫൈനാൻസ്. ലിമിററഡ് | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 4 | ബി.എസ്.എൻ.എൽ ഉദയംപേരൂർ | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |
| 5 | എസ്.ബി.ഐ, ഉദയംപേരൂർ | ഈടാക്കിയിട്ടില്ല | ഈടാക്കിയിട്ടില്ല |

3. ഉദയംപേരൂർ കെ.എസ്.ഇ.ബി യിലെ 35 ജീവനക്കാരിൽ 29 ജീവനക്കാർ മാത്രമാണ് തൊഴിൽ നികുതി ഒടുക്കിയിട്ടുള്ളത്. 6 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം 2018-19 വർഷം രണ്ടാം പകുതിയിൽ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

4. ഫിഷറീസ് സബ് ഇൻസ്പെക്ടറുടെ ഓഫീസിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത ഈടാക്കിയിട്ടില്ല.

മേൽപ്പറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി പഞ്ചായത്തിനുണ്ടായ നഷ്ടം നികത്തേണ്ടതാണ്.

# 1-16 കേരള പഞ്ചായത്ത് രാജ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഫാക്ടോസ് ഫീസ് ചുമത്തുന്നു

1994ലെ കേരള പഞ്ചായത്ത് രാജ് ആക്ടിൽ വരുത്തിയ ചില ഭേദഗതികൾ 31.10.2017 ലെ സർക്കാർ ഉത്തരവ് നം.80/2007/ ത.സ്വ.ഭ.വ പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. ഈ വിജ്ഞാപനം പ്രകാരം മൈക്രോ എന്റർപ്രൈസസിനുള്ള പുതുക്കിയ ലൈസൻസ് ഫീസ് പരമാവധി അഞ്ഞൂറ് രൂപയാണ് (where capital investment is not exceeding 25 lakh rupees for manufacturering sector and not exceeding ten lakh rupees in the case of service sector.) ആയതിനാൽ അഞ്ഞൂറ് രൂപയിൽ താഴെ ഫീസ് പഞ്ചായത്ത് കമ്മിറ്റിക്ക് നിശ്ചയിക്കാവുന്നതാണ്.

എന്നാൽ പഞ്ചായത്ത് കമ്മിററിയുടെ 14.03.18 ലെ 6(1) നമ്പർ തീരുമാന പ്രകാരം പലചരക്ക് /സി ക്ലാസ് കടകൾക്ക് 250 രൂപയും അതിന് മുകളിൽ വരുന്ന സ്ഥാപനങ്ങൾക്ക് 400 രൂപയും ചുമത്താൻ തീരുമാനിച്ചു. വിജ്ഞാപനത്തിലെ തരംതിരിവുകൾക്ക് പുറമേ പലചരക്ക്/സി ക്ലാസ് കടകൾ, അതിന് മുകളിൽ വരുന്ന സ്ഥാപനങ്ങൾ എന്ന തരംതിരുവുകൾ വരുത്തിയത് വിജ്ഞാപനത്തിലെ നിർദ്ദേശത്തിന് വിരുദ്ധമാണ്. ഈ വിഷയം ഉന്നയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മുൻപുണ്ടായിരുന്ന ഫീസ് നിരക്കിനേക്കാൾ ഇപ്പോഴത്തെ ഫീസ് നിരക്ക് വളരെയധികമായതിനാൽ സ്വാഭാവിക നീതി ഉറപ്പ് വരുത്തുന്നതിനാണ് കമ്മിറ്റി മേൽപ്പറഞ്ഞ തീരുമാനമെടുത്തതെന്ന് അറിയിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ കേരള പഞ്ചായത്ത് രാജ് ആക്ടിൽ വരുത്തിയ ഭേദഗതികൾക്കനുസൃതമായി മാത്രം തീരുമാനങ്ങളെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 തെരുവ് വിളക്കുകൾക്ക് വൈദ്യുതി ചാർജ് മീറ്റർ സ്ഥാപിക്കാത്തത് മൂലം അധിക ചെലവ്

പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വൈദ്യുതി ചാർജ് 2018-19 വർഷം ശരാശരി പ്രതിമാസം മൂന്ന് ലക്ഷം രൂപയാണ്. 07.02.15 ൽ വൗച്ചർ നം 21401096 പ്രകാരം 4,12,859/- രൂപ തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി. ക്ക് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മീറ്റർ സ്ഥാപിച്ചിട്ടില്ല. ഇപ്പോഴും Lt-8A/3 എന്ന അൺമീറ്റേഡ് താരിഫിലാണ് കെ.എസ്.ഇ.ബി. വൈദ്യുതി ബില്ല് നൽകുന്നത്. തെരുവ് വിളക്കുകൾക്ക് മീറ്റർ സ്ഥാപിച്ചാൽ ഈയിനത്തിലുള്ള വൈദ്യുതി ചാർജ് ഗണ്യമായി ലഭിക്കാം. പണം നൽകിയിട്ടും നാളിതുവരെ വൈദ്യുതി മീറ്റർ സ്ഥാപിക്കാത്ത കെ.എസ്.ഇ.ബിയ്ക്കെതിരെ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ഇതിനുള്ള മറുപടിയായി നടപടികകൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വൈദ്യുതി മീറ്ററുകൾ സ്ഥാപിക്കാൻ അടിയന്തിരമായി നടപടികൾ സ്വീകരിച്ച് ഈയിനത്തിൽ പഞ്ചായത്തിനുണ്ടാകുന്ന അധിക ചെലവ് ഒഴിവാക്കേണ്ടതാണ്.

## 1-18 പഠനമുറി-പദ്ധതി നിർവഹണത്തിലെ അപാകത

| പ്രൊജക്റ്റ് നം., പേര് | എസ് 0100/19, എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി | |
|---|---|---|
| അടങ്കൽ | 10,00,000/- (വികസനഫണ്ട് എസ് സി പി) | |
| ചെലവ് | 4,50,000/- | 1) ബിൽ നം.3/18-19 ; 23.11.18 ; 1,50,000/- |
| | | 2) ബിൽ നം.10/18-19 ; 12.12.18 ; 50,000/- |
| | | 3) ബിൽ നം.3/18-19 ; 22.12.18 ; 50,000/- |
| | | 4) ബിൽ നം.29/18-19 ; 20.03.19 ; 2,00,000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, | |

| | |
|---|---|
| | പൂത്തോട്ട സർക്കാൾ |

എസ്. സി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിന് നടപ്പിലാക്കിയതാണ് ഈ പ്രൊജക്ട്. ഈ പ്രൊജക്ട് പ്രകാരം 2018-19 സാമ്പത്തിക വർഷത്തിൽ 5 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്. 15.10.18ലെ സർക്കാർ സ.ഉ(സാധാ)നം. 2636/2018/തസ്വഭവ പ്രകാരം പഠനമുറിയുടെ വിസ്തീർണ്ണം 120 ചതുരശ്ര അടിയിൽ കൂടുതലാകുവാൻ പാടില്ല. എന്നാൽ ഗോപാലകൃഷ്ണൻ.പി.ജി എന്ന ഗുണഭോക്താവ് പണിത പഠനമുറിയുടെ പ്ലിന്ത് ഏരിയ 12.89 ചതുരശ്രമീറ്ററാണെന്ന് (ഏകദേശം 138.75 ചതുരശ്ര അടി) അപേക്ഷയോടൊപ്പം ഹാജരാക്കിയ പഠനമുറിയുടെ പ്ലാനിൽ വ്യക്തമാക്കിയിട്ടുണ്ട്. ഓവർസിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം ടി ഗുണഭോക്താവ് മെയിന്റനൻസ് വർക്ക് നടത്തിയതിന് 2,37,758/-രൂപയിൽ കുറയാതെ ചെലവഴിച്ചിട്ടുണ്ട് എന്നാണ് പറഞ്ഞിരിക്കുന്നത്. എൽ.എസ്.ജി.ഡി സെക്ഷൻ ടി ഗുണഭോക്താവിന്റെ പഠനമുറിയുടെ എസ്റ്റിമേറ്റ് എന്ന് കാണിച്ച് വീട് റിപ്പയർ ചെയ്യുന്നതിന്റെ വിശദമായ എസ്റ്റിമേറ്റാണ് നല്കിയിരിക്കുന്നത്. ഗ്രാമപഞ്ചായത്തിൽ നിന്ന് നല്കിയ ബിൽഡിംഗ് പെർമിറ്റിൽ പണിയുവാൻ ഉദ്ദേശിക്കുന്ന മുറിയുടെ വിസ്തീർണ്ണം 12.89ചതുരശ്രമീറ്ററാണെന്ന് എഴുതിയിട്ടുണ്ട്. ടി ഗുണഭോക്താവിന് 2018-19ൽ 2,00,000/-രൂപ അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവിന് വിരുദ്ധമായി അർഹതയില്ലാത്ത വ്യക്തിക്ക് ധനസഹായം അനുവദിച്ചതിന് വിശദീകരണം നല്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.27,30.09.19) ഹാജരാക്കിയ മറുപടിയിൽ 117.06ചതുരശ്രഅടി എന്ന അളവിൽ മാത്രമാണ് പഠനമുറി നിർമ്മിച്ചിരിക്കുന്നത് എന്ന് ബോധിപ്പിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം പ്രവർത്തികൾക്ക് ധനസഹായം അനുവദിക്കുമ്പോൾ പരിശോധന നടത്തേണ്ടതും അപാകതകൾ വരാതെ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-19 വസ്തു നികുതി പുനർ നിർണ്ണയിക്കാത്തതുമൂലം നഷ്ടം

ശ്രീ ഐ.ജെ തോമസ്, മണിപ്പാടം, ഉദയംപേരൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 15/115 എന്ന കെട്ടിടം നിലവിൽ കൃഷി ഭവനുവേണ്ടി വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. ഈ കെട്ടിടത്തിന്റെ വസ്തു നികുതി ഗാർഹിക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിരക്കിലാണ് നിർണ്ണയിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ ഉപയോഗ ക്രമം മാറിയിട്ടുള്ളതിനാൽ, മാറിയ തീയതി മുതൽ ഓഫീസ് ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങൾക്ക് 20.09.2011 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം 1 പ്രകാരം ബാധകമായ 40 രൂപ നിരക്കിലാണ് വസ്തു നികുതി നിശ്ചയിക്കേണ്ടിയിരുന്നത്. ആയതിനാൽ വസ്തു നികുതി നിശ്ചയിച്ചതിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശം താഴെച്ചേർക്കുന്നു.

നിശ്ചയിക്കേണ്ട നികുതി 54 sqm x 40 = 2160

നിലവിലുള്ള നികുതി 448

കുറവ് 1712/- രൂപ

വസ്തു നികുതി പുനർ നിർണ്ണയിച്ച് ,കൃഷി ഭവൻ മേൽ കെട്ടിടം വാടകയ്ക്ക് എടുത്ത 2015 ആദ്യപകുതി മുതൽ 2018 രണ്ടാം പകുതി വരെയുള്ള നഷ്ടമായ 1712x4 = 6,848/- രൂപ ഈടാക്കി അറിയിക്കേണ്ടതാണ്.

# 1-20 പഞ്ചായത്ത് വാഹനങ്ങളുടെ അറ്റകുറ്റപണികൾക്ക് അനധികൃത ഇൻവോയ്സുകൾ പ്രകാരം പണം നല്കുന്നു

നെട്ടൂരുള്ള യുണൈറ്റഡ് ഓട്ടോമൊബൈൽസിലാണ് പഞ്ചായത്ത് വാഹനങ്ങളുടെ അറ്റകുറ്റപണികൾ ചെയ്യുന്നത്. ഇതുമായി ബന്ധപ്പെട്ട് 2018-19 വർഷം നടന്ന പണമിടപാടുകളുടെ വിവരം താഴെച്ചേർക്കുന്നു.

| ക്രമ നം | ചെക്ക് നം | തീയതി | തുക |
|---|---|---|---|
| 1 | 304622 | 11.05.18 | 9680 |
| 2 | 304622 | 11.05.18 | 9570 |
| 3 | 777853 | 08.08.18 | 8231 |
| 4 | 603056 | 13.12.18 | 18844 |
| | ആകെ | | 46325 |

യുണൈറ്റഡ് ഓട്ടോമൊബൈൽസിന്റെ മേൽപ്പറഞ്ഞ തുകകൾക്കുള്ള ക്യാഷ് ബില്ലുകളിൽ GSTIN രേഖപ്പെടുത്തിയിട്ടില്ല. തന്മൂലം ജി.എസ്.ടി ഈടാക്കിയിട്ടില്ല. അനധികൃതമായ ഇത്തരം ബില്ലുകളിലൂടെ ഇടപാടുകൾ നടത്തുന്നതു മൂലം കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് നികുതി നഷ്ടം ഉണ്ടാകുന്നു. മേൽപ്പറഞ്ഞ ബില്ലുകളിലെ തുകകൾക്ക് 18% നിരക്കിൽ ജി.എസ്.ടി ഈടാക്കാത്തതുമൂലം കേന്ദ്ര, സംസ്ഥാന സർക്കാരുകൾക്ക് 8340/- രൂപയുടെ നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി യുണൈറ്റഡ് ഓട്ടോമൊബൈൽസിന്റെ വിറ്റ് വരവ് 20 ലക്ഷത്തിൽ താഴെയാണെന്ന് അവർ പറഞ്ഞിട്ടുള്ളതിനാൽ, ജി.എസ്.ടി രജിസ്ട്രേഷൻ ആവശ്യമില്ലായെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച രേഖകളൊന്നും ലഭ്യമാക്കിയിട്ടില്ല. വാഹനങ്ങളുടെ മെയിന്റനൻസ് നടത്തുമ്പോൾ നികുതി നഷ്ടമുണ്ടാകുന്നില്ലായെന്ന് പഞ്ചായത്ത് ഉറപ്പുവരുത്തേണ്ടതാണ്.

# 1-21 വാങ്ങിയ സാധനങ്ങളുടെ വിതരണം

# പൂർണ്ണമല്ല

1)

| | | |
|---|---|---|
| പ്രൊജക്ട് നം.,പേര് | എസ് 0075/19, എസ് സി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ | |
| അടങ്കൽ | 3,00,000/-(വികസനഫണ്ട്-എസ് സി പി) | |
| ചെലവ് | 2,81,218/- | 1) ബിൽ നം.6/18-19 ; 11.03.19 ; 1,40,609/- |
| | | 2) ബിൽ നം. 9/18-19 ; 26.03.19 ; 1,40,609/- |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി | |

എസ് സി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നല്കുന്നതിന് അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം മേശയും കസേരയും 60 എണ്ണം വീതം ARTCO യിൽ നിന്ന് വാങ്ങിയിട്ടുണ്ട്.(ഇൻവോയ്സ് നം.KTM-127/28.01.19 -1,40,609/- & ഇൻവോയ്സ് നം. KTM-212/15.03.19 -1,40,609/-).ഒരു യൂണിറ്റിന് 4687/-എന്ന നിരക്കിലാണ് ഫർണിച്ചർ വാങ്ങിയിരിക്കുന്നത്. എന്നാൽ 2 ഗുണഭോക്താക്കൾ ഇതുവരെ ഫർണിച്ചർ കൈപ്പറ്റിയിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14, 26.09.19) ഹാജരാക്കിയ മറുപടിയിൽ 2 പേർ ജാതി സർട്ടിഫിക്കറ്റ് നല്കാതിരുന്നതിനാലാണ് ആനുകൂല്യം വിതരണം ചെയ്യാതിരുന്നത് എന്ന് ബോധിപ്പിച്ചിട്ടുണ്ട്. വിതരണം ചെയ്യാത്ത ഫർണിച്ചറിന്റെ വില 9374/-രൂപ.

2)

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 0181/19, എസ് ടി വിദ്യാർത്ഥികൾക്ക് ഫർണിച്ചർ |
| അടങ്കൽ | 65,000/-(വികസനഫണ്ട് -ടി എസ് പി) |
| ചെലവ് | 60,930/-, ബിൽ നം. 8/18-19 ; 22.03.19 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

എസ് ടി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നല്കുന്നതിന് നടപ്പാക്കിയ ഈ പദ്ധതി പ്രകാരം ARTCO യിൽ നിന്ന് 13 സെറ്റ് മേശയും കസേരയും വാങ്ങിയിട്ടുണ്ട്.(KTM-213/15.03.1960,930/-). 8 വിദ്യാർത്ഥികൾ മാത്രമാണ് ഫർണിച്ചർ കൈപ്പറ്റിയിട്ടുള്ളത്. കൈപ്പറ്റാതിരുന്ന 5 യൂണിറ്റുകളുടെ വില 23,435/- രൂപ.

3)

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 0078/19, എസ് ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ |
| അടങ്കൽ | 20,402/-(വികസനഫണ്ട് -ടി എസ് പി) |
| ചെലവ് | 20,395/-, ബിൽ നം.11/18-19 ; 25.03.19 |
| നിർവഹണ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |

എസ് ടി വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങി നല്കുന്നതിന് നടപ്പാക്കിയ ഈ പദ്ധതി പ്രകാരം എറണാകുളം ജില്ലാ ഹോൾസെയ്ൽ കോ-ഓപ്പറേറ്റിവ് കൺസ്യൂമർ സ്റ്റോറിൽ നിന്ന് ഇൻവോയ്സ് നം.044/22.03.19 പ്രകാരം വിവിധ പഠനോപകരണങ്ങൾ വാങ്ങിയിട്ടുണ്ട്. എന്നാൽ 5 കുട്ടികൾ ഇതുവരെ ഇവ കൈപ്പറ്റിയിട്ടില്ല. എസ് ടി വിദ്യാർത്ഥികൾക്ക് നടപ്പാക്കിയ മുകളിൽ പറഞ്ഞ രണ്ട് പ്രൊജക്ടുകളിലും ഒരേ ഗുണഭോക്താക്കളായിരുന്നു. രണ്ട് പ്രൊജക്ടുകളിലും 5കുട്ടികൾ സാധനങ്ങൾ കൈപ്പറ്റാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ എൻക്വയറിക്ക് ഹാജരാക്കിയ മറുപടിയിൽ ഉപതെരെഞ്ഞെടുപ്പ് പെരുമാറ്റചട്ടം പിൻവലിക്കുന്ന മുറയ്ക്ക് ഊരുകൂട്ടം കൂടി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിതരണം ചെയ്യാൻ അവശേഷിക്കുന്ന സാധനങ്ങളുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് | ആകെ വില |
|---|---|---|---|---|
| 1 | ലഞ്ച് ബോക്സ് | 5 | 180 | 900 |
| 2 | ബാഗ് (വലുത്) | 4 | 750 | 3000 |
| 3 | ബാഗ് (ചെറുത്) | 1 | 600 | 600 |
| 4 | പെൻസിൽ ബോക്സ് | 1 | 50 | 50 |
| 5 | പെൻസിൽ പായ്ക്കറ്റ് | 1 | 45 | 45 |
| 6 | പെൻ പായ്ക്കറ്റ് | 4 | 49 | 196 |
| 7 | നോട്ട് ബുക്ക് (ചെറുത്) | 5 | 30 | 150 |
| 8 | നോട്ട് ബുക്ക് (വലുത്) | 28 | 42 | 1176 |
| 9 | കുട | 5 | 280 | 1400 |
| 10 | ജ്യോമെട്രി ബോക്സ് | 1 | 110 | 110 |
| **ആകെ വില** | | | | **7627** |

വിതരണം ചെയ്യാൻ അവശേഷിക്കുന്ന സാധനങ്ങളുടെ വില 7627/-രൂപ.

അസിസ്റ്റന്റ് സെക്രട്ടറി നടപ്പാക്കിയ പദ്ധതികളിൽ വിതരണം ചെയ്യാത്ത ഫർണിച്ചർ / പഠനോപകരണങ്ങളുടെ ആകെ വിലയായ 40436/-രൂപ തടസ്സപ്പെടുത്തുന്നു.

# 1-22 റോഡ് റീ-ടാറിംഗ്- അപാകതകൾ

**1. വിക്ടറി നഗർ റോഡ് റീ-ടാറിംഗ്- അപാകതകൾ**

പ്രോജക്റ്റ് നമ്പർ - 83/19

കരാറുകാരൻ - തോമസ് ജോയ്, അടങ്കൽ 610000/- മെയിന്റനൻസ് ഫണ്ട് റോഡ്.

അളവ് പുസ്തകം 15/18-19, ആകെ മൂല്യം- 403782/-

ബിൽ നമ്പർ - 23/18-19/21.1.19 - 403782/-

വിക്ടറി നഗർ റോഡ് റീ-ടാറിംഗ് എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം 1 പ്രകാരം 40mm മെറ്റൽ 12.60m3 സ്റ്റാക്ക് ചെയ്തിട്ടുണ്ട്. അളവ് പുസ്തകം പുറം 4 പ്രകാരം ഒന്നാമിനമായി മോഡിഫൈഡ് പെനിട്രേഷൻ മെക്കാഡം എന്നയിനം 207m2 ചെയ്തിട്ടുണ്ട്. ഡി.എസ്.ആർ ഇനം 16.4.1.2 പ്രകാരം കൊയേഴ്സ് അഗ്രഗേറ്റ് ലൂസ് സ്റ്റാക്കിൽ നിന്നും വോയിഡ്സ് കുറവ് ചെയ്യുന്നതിനായി 7.5% കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം കുറവ് ചെയ്യുമ്പോൾ 40mm മെറ്റൽ 11.65m3 മാത്രമേ പ്രവർത്തി നിർവ്വഹണത്തിനായി ലഭ്യമാവുകയുള്ളൂ. മോർഡ് സ്പെസിഫിക്കേഷൻ ഇനം 75.5.5A.1 പ്രകാരം 1m2 മോഡിഫൈഡ് പെനിട്രേഷൻ മെക്കാഡം ചെയ്യുന്നതിന് 0.06m3, 40mm മെറ്റൽ ആവശ്യമാണ്. ഇതനുസരിച്ച് 11.65m3 മെറ്റൽ ഉപയോഗിച്ച് മോഡിഫൈഡ് പെനിട്രേഷൻ മെക്കാഡം 194.25m2 മാത്രമേ ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഈയിനം 207m2 ചെയ്തതായുള്ള രേഖപ്പെടുത്തൽ അംഗീകരിക്കാവുന്നതല്ല. അധികം ചെയ്ത 12.75m2, (207-194.25), 272.92/m2 നിരക്കിൽ നൽകിയ 3480/- രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

**2. മടലം പറമ്പ് റോഡ് റീ-ടാറിംഗ്- കാന നിർമ്മാണം - അപാകതകൾ**

പ്രോജക്റ്റ് നമ്പർ - 135/19

കരാറുകാരൻ - തോമസ് ജോയ്, അടങ്കൽ 589994/- മെയിന്റനൻസ് ഫണ്ട് റോഡ്. എഗ്രീഡ് പി.എ.സി- 589362.92/-

അളവ് പുസ്തകം 205/18-19, ബിൽ നമ്പർ – 25/18-19/22.01.19 ആകെ ചെലവ് – 548943/-

ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം 9 പ്രകാരം 40mm മെറ്റൽ 11.63m3 സ്റ്റാക്ക് ചെയ്തിട്ടുണ്ട്. അളവ് പുസ്തകം പുറം 10 പ്രകാരം ഒന്നാമിനമായി മോഡിഫൈഡ് പെനിട്രേഷൻ മെക്കാഡം എന്നയിനം 188.75m2 ചെയ്തിട്ടുണ്ട്. ഡി.എസ്.ആർ ഇനം 16.4.1.2 പ്രകാരം കൊയേഴ്സ് അഗ്രഗേറ്റ് ലൂസ് സ്റ്റാക്കിൽ നിന്നും വോയിഡ്സ് കുറവ് ചെയ്യുന്നതിനായി 7.5% കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം കുറവ് ചെയ്യുമ്പോൾ 40mm മെറ്റൽ 10.76m3 മാത്രമേ പ്രവർത്തി നിർവ്വഹണത്തിനായി ലഭ്യമാവുകയുള്ളൂ. മോർഡ് സ്പെസിഫിക്കേഷൻ ഇനം 75.5.5A.1 പ്രകാരം 1m2 മോഡിഫൈഡ് പെനിട്രേഷൻ മെക്കാഡം ചെയ്യുന്നതിന് 0.06m3,

40mm മെറ്റൽ ആവശ്യമാണ്. ഇതനുസരിച്ച് 10.76m3 മെറ്റൽ ഉപയോഗിച്ച് മോഡിഫൈഡ് പെനിട്രേഷൻ മെക്കാഡം 179.33m2 മാത്രമേ ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഈയിനം 188.75m2 ചെയ്തതായുള്ള രേഖപ്പെടുത്തൽ അംഗീകരിക്കാവുന്നതല്ല. അധികം ചെയ്ത 9.37m2, (188.75-179.33), 272.92/m2 നിരക്കിൽ നൽകിയ 2548/- രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 1-23 ക്ഷമതയില്ലാത്ത കരാറുകാരനെ നിർമ്മാണ പ്രവൃത്തി ഏൽപിച്ചത് സംബന്ധിച്ച്

ശ്മശാന നിർമ്മാണത്തിന് അടിസ്ഥാന സൗകര്യമൊരുക്കൽ

2,29,92,492/- രൂപ അടങ്കൽ നിശ്ചയിച്ച് 2017-18 ൽ 147/18 നമ്പർ പ്രോജക്ടായി നടപ്പിലാക്കുവാൻ ആരംഭിക്കുകയും 2018-19 ൽ 115/19 നമ്പർ പ്രോജക്ടായി നടപ്പിലാക്കിവരുന്നതുമായ പദ്ധതിയാണിത്. 2018-19 ൽ ടെണ്ടർ ചെയ്തതനുസരിച്ച് 3498664/- രൂപ എഗ്രീഡ് പി.എ.സി പ്രകാരം ശ്രീ ആഷാ ബിബിൻ എന്നയാൾ കരാർ വെച്ച് പ്രവൃത്തി ഏറ്റെടുത്തിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ശ്രീ. ആഷാ ബിബിൻ എന്ന കരാറുകാരന്റെ 2/16-17 എന്ന രജിസ്ട്രേഷൻ കാർഡിൽ സി - ക്ലാസ് കോൺട്രാക്ടർ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ് 13/12/ 1.2.12 ഖണ്ഡിക 1901 പ്രകാരം സി - ക്ലാസ് കരാറുകാരന് 15 ലക്ഷം രൂപവരെയുള്ള സിവിൽ കരാറുകളാണ് ഏറ്റെടുക്കാവുന്നത്. എന്നാൽ 2017-18-ൽ തന്നെ ഇയാൾക്ക് 34,98,664.90/- രൂപയുടെ പ്രവൃത്തി ഏൽപ്പിച്ച് നൽകി. കൂടാതെ 09.01.2018 -ൽ നൽകിയ സെലക്ഷൻ നോട്ടീസ് പ്രകാരം 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതായിരുന്നു എന്നാൽ ടിയാൾ കരാർ വെച്ചിട്ടുള്ളത് 01.03.2018-ൽ മാത്രമാണ്. പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2009.6 പ്രകാരം നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം പിഴയില്ലാതെയും തുടർന്നുള്ള 10 ദിവസത്തിനകം 1% പിഴയോടുകൂടിയും എഗ്രിമെന്റ് വെക്കാവുന്നതാണ്. മേൽ പറഞ്ഞ കാലാവധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നിട്ടും ഫൈൻ ഈടാക്കാതിരുന്നതുമൂലം 34,986/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

കൂടാതെ പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2010, കേരള ഫിനാൻസ് ആക്ട് 2018(4) (a) (f) പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്ക് കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപ്പത്രത്തിൽ മിനിമം 200 രൂപ പരമാവധി ഒരു ലക്ഷം എന്ന പരിധിക്ക് വിധേയമായി കരാർ ചമയ്ക്കേണ്ടതാണ്. കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ ചമയ്ക്കേണ്ടതിന് പകരം 200 രൂപയുടെ പത്രത്തിലാണ് കരാർ വെച്ചിട്ടുള്ളത്. തന്മൂലം മുദ്രപ്പത്ര വിലയിനത്തിൽ സർക്കാരിന് 3300/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുള്ളതായി കാണുന്നു. കൂടാതെ ഈ പ്രവൃത്തിയുടെ സെലക്ഷൻ നോട്ടീസ് എഗ്രിമെന്റ് ഷെഡ്യൂൾ എന്നിവ പ്രകാരം പൂർത്തീകരണ കാലയളവ് 2 മാസമാണ്. ഇത് പ്രകാരം 1.5.18 ൽ പ്രവൃത്തി പൂർത്തീകരിക്കേണ്ടതായിരുന്നു. എന്നാൽ പ്രവർത്തി പൂർത്തീകരിച്ച് അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 29.11.18 ൽ ആണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നലകുന്നതിന് കരാറുകാരൻ

അപേക്ഷിക്കുകയോ അപ്രകാരം കാലയളവ് ദീർഘിപ്പിച്ചുനൽകുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിശ്ചിത സമയ പരിധി കഴിഞ്ഞ് 28 ആഴ്ച കാലതാമസമുണ്ടായിട്ടും സർക്കാർ ഉത്തരവ് (പി) 13/12/പി.ഡബ്ല്യൂ.ഡി/ 01.12.2012 പ്രകാരം പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2116-1അനുസരിച്ച് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയിട്ടില്ല. ഇത് പ്രകാരം കാലതാമസം വരുത്തിയ ഓരോ ആഴ്ചയ്ക്കും എഗ്രീഡ് പി.എ.സിയുടെ 0.1%നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കാതിരുന്നതുമൂലമുണ്ടായ (3498664 x 2.8%), 97962 രൂപയുടെ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 1-24 നിശ്ചിത സമയ പരിധിക്കുള്ളിൽ പ്രവർത്തി പൂർത്തിയാക്കാതിരുന്നതിന് ഫൈൻ ഈടാക്കിയില്ല.

പ്രോജക്ട് നമ്പർ - 116/19

വിവിധ വാർഡുകളിൽ കാന നിർമ്മാണം

അടങ്കൽ -580000/- എഗ്രീഡ് പി.എ.സി - 577737.84/-

കരാറുകാരൻ - ശ്രീ തോമസ് ജോയ്. അളവ് പുസ്തകം - 33/18-19

വിവിധ വാർഡുകളിൽ കാന നിർമ്മാണം എന്ന പ്രവർത്തിക്കായി എഗ്രിമെന്റ് വെച്ച് സൈറ്റ് ഏറ്റെടുത്തിട്ടുള്ളത് 9.3.2018 ൽ ആണ്. എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം പൂർത്തീകരണ കാലാവധി ഒരു മാസമാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് അളവ് പുസ്തകത്തിൽ അവസാന അളവ് രേഖപ്പെടുത്തിയിട്ടുള്ളത് 3.11.2018 ൽ ആണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലയളവ് ദീർഘിപ്പിച്ച് നലകുന്നതിന് കരാറുകാരൻ അപേക്ഷിക്കുകയോ അപ്രകാരം കാലയളവ് ദീർഘിപ്പിച്ചുനൽകുകയോ ചെയ്തിട്ടില്ല. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് നിശ്ചിത സമയ പരിധി കഴിഞ്ഞ് 7 മാസത്തോളം (28 ആഴ്ച) കാലതാമസമുണ്ടായിട്ടും സർക്കാർ ഉത്തരവ് (പി)13/12/പി.ഡബ്ല്യൂ.ഡി/ 1.12.2012 പ്രകാരം പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2116-1അനുസരിച്ച് ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കിയിട്ടില്ല. ഇത് പ്രകാരം കാലതാമസം വരുത്തിയ ഓരോ ആഴ്ചയ്ക്കും എഗ്രീഡ് പി.എ.സിയുടെ 0.1%നിരക്കിൽ ലിക്വിഡേറ്റഡ് ഡാമേജ് ഈടാക്കാതിരുന്നതുമൂലമുണ്ടായ (577737.84x2.8%), 16177/- രൂപയുടെ നഷ്ടം ബന്ധപ്പെട്ടവരിൽ നിന്നോ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# 1-25 നിക്ഷേപ പ്രവർത്തികൾ - പൂർത്തീകരണ വിവരങ്ങൾ ലഭ്യമല്ല

സെക്രട്ടറി നടപ്പിലാക്കിയ താഴെ പറയുന്ന പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ പദ്ധതികൾ പൂർത്തീകരിച്ചതായി കാണുന്നില്ല.

| ക്രമ നം. | പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | തുക | ബിൽ നമ്പർ തിയതി | ഏജൻസിയുടെ പേര് |
|---|---|---|---|---|---|
| 1 | 175/19 | ഉള്ളാടൻവെളി മാർക്കറ്റിന് തെക്ക് വശത്തുള്ള കോളനിയിലേക്ക് കുടിവെള്ള പൈപ്പ് ദീർഘിപ്പിക്കൽ | 27000 | 23/18-19, 23.3.19 | കേരള വാട്ടർ അതോറിട്ടി |
| 2 | 12/19 | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 21284 | 14/18-19, 14.11.18 | കെ.എസ്.ഇ.ബി |
| 3 | 6/19 | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 800000 | 15/18-19, 27.11.18 | കേരള വാട്ടർ അതോറിട്ടി |
| 4 | 5/19 | 15,20 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിൽ | 125316 | 9/18-19, 17.8.18 | കെ.എസ്.ഇ.ബി |
| | | ആകെ | 9,73,600 | | |

മേൽ സൂചിപ്പിച്ചിട്ടുള്ള പദ്ധതികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

# 1-26 നിക്ഷേപ പ്രവൃത്തികൾ - തുക ഭാഗികമായി മാത്രം നിക്ഷേപിക്കുന്നു

പ്രോജക്ട് നമ്പർ – 176/19

അടങ്കൽ – 340000/-

190000/- എസ്.സി.പി ഫണ്ട്, 150000/- തനത് ഫണ്ട്

സെക്രട്ടറി നടപ്പിലാക്കിയ ഏഴാം വാർഡിലെ കോഴിക്കരി റോഡിലെ അഞ്ചാം വാർഡിലെ പുത്തൻപുരയ്ക്കൽ നടപ്പാതയിലും സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കലും എൽ ഇ ഡി ലൈറ്റ് സ്ഥാപിക്കലും എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, പദ്ധതി നടത്തിപ്പിനായി കെ.എസ്.ഇ.ബി ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം 3,40,000/- രൂപ മുൻകൂറായി കെ.എസ്.ഇ.ബിയിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ 23.03.19 ലെ 24/18-19 ബിൽ പ്രകാരം പദ്ധതി പണത്തിൽ നിന്നും വകയിരുത്തി യിരുന്ന 1,90,000/- രൂപ മാത്രമാണ്

കെ.എസ്.ഇ.ബിക്ക് കൈമാറി യിട്ടുള്ളത്. തനത് ഫണ്ടിൽ നിന്നും വകയിരുത്തിയിരുന്ന 1,50,000/- രൂപ കെ.എസ്.ഇ.ബിക്ക് കൈമാറിയതായി കാണുന്നില്ല. പ്രസ്തുത തുക കൈമാറുകയോ പദ്ധതി നാളിതുവരെ പൂർത്തീകരിക്കുകയോ ചെയ്തിട്ടില്ല. പദ്ധതി വിഭാവനം ചെയ്തിട്ടുള്ള ലക്ഷ്യം താമസംവിനാ കൈവരിക്കാനുതകുന്നവിധം പണം ചെലവഴിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-27 കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം- കളക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല

ഗ്രാമ പഞ്ചായത്തിൽ 2018-19 ൽ നടപ്പിലാക്കിയ മരാമത്ത് പ്രവർത്തികളുടെ ഫൈനൽ ബില്ലിൽ നിന്നും കെട്ടിട തൊഴിലാളി ക്ഷേമനിധി വിഹിതം ഇനത്തിൽ ആകെ 2,20,542/- രൂപ ഈടാക്കി ഒടുക്ക് വരുത്തിയിട്ടുണ്ട്. 1996ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് ആക്ട് സെക്ഷൻ 3-3 പ്രകാരം ആകെ പ്രവർത്തിമൂല്യത്തിന്റെ 1% ബന്ധപ്പെട്ട് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. ഇപ്രകാരം ഒടുക്കുന്ന തുകയുടെ 1% കളക്ഷൻ ചാർജ്ജായി അതാത് തദ്ദേശ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം കളക്ഷൻ ചാർജ്ജ് ഈടാക്കിയതായി കാണുന്നില്ല. തൻമൂലം 2205/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനും അധികം നൽകിയ തുക ക്രമപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-28 സർക്കാർ ഉത്തരവിനു വിരുദ്ധമായി പാലിയേറ്റീവ് കെയർ പ്രോജക്ട് നടപ്പാക്കിയതു മൂലം അധിക ചെലവ്

| | |
|---|---|
| പ്രോജക്ട് നം./ പേര് | 96/18-19, പാലിയേറ്റീവ് കെയർ |
| അടങ്കൽ | 7,00,000 – വികസന ഫണ്ട് പൊതു വിഭാഗം. |
| ചെലവ് | 5,88,300 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ഉദയംപേരൂർ |

29.10.15 ലെ സർക്കാർ ഉത്തരവ് നം.3217/2015/ ത.സ്വ.ഭ.വ -പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ പ്രകാരം താഴെപ്പറയുന്ന ചെലവുകൾ പ്രോജക്ടിലുൾപ്പെടുത്താവുന്നതാണ്.

ഹോംകെയർ ദിനങ്ങളിൽ ഗൃഹസന്ദർശനങ്ങളിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധപ്രവർത്തകർക്ക് ഭക്ഷണചെലവായി ഒരാൾക്ക് 60 നിരക്കിൽ പരമാവധി 250/- രൂപ ചെലവഴിക്കാം. (മേൽ ഉത്തരവ്-2.6.3(3).

വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും എച്ച്.എം.സി വഹിക്കേണ്ടതാണ്, എന്നാൽ ഡ്രൈവറുടെ ദിവസ വേതനം, ഇന്ധന ചെലവ്, റിപ്പയർ ചെലവ് എന്നിവ പ്രോജക്ടിൽ നിന്ന് മാറി എച്ച്.എം.സി ക്ക് നൽകാം. (2.6.5(2iv).

വാഹനവാടക, ഓരോ ദിവസവും ഓടിയ കിലോമീറ്ററിന്റെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ് (2.6.5(3).

ഫിസിയോ തെറാപ്പിസ്റ്റിന്റെ വേതനം (മേൽ ഉത്തരവ്-2.9), നേഴ്സിന്റെ ഹോണറേറിയം (2.8.11), മരുന്ന് ( 2.6.7), മറ്റ് പരിചരണ സമാഗ്രികൾ, (2.6.8) തുടർപരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണ ചെലവ് 60/- രൂപ നിരക്കിൽ (2.6.14), പാലിയേറ്റീവ് കെയർ ഡേ യിൽ പങ്കെടുക്കുന്നവർക്ക് 60/- രൂപ നിരക്കിൽ ഭക്ഷണ ചെലവിന് പുറമേ പരമാവധി 3000 രൂപ എന്നിങ്ങനെ ചെലവഴിക്കാവുന്നതാണ്.

1. എന്നാൽ റിവ്യൂ മീറ്റിംഗ്, പി.എം.സി മീറ്റിംഗ് ചെലവുകൾ എന്നയിനത്തിൽ താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം തുകകൾ നൽകിയതായി കാണുന്നു.

| ക്രമ നം | ബിൽ നം/ തീയതി / | മീറ്റിംഗ് തീയതി | തുക |
|---|---|---|---|
| 1 | 01/18-19/27.06.18- 69,239 | 13.04.18<br>14.05.18 | 500<br>500 |
| 2 | 02/18-19/23.07.18-74,135 | 12.06.18 | 500 |
| 3 | 03/18-19/17.08.18-33,075 | 10.07.18 | 500 |
| 4 | 04/18-19/19.09.18-34,360 | 14.09.18 | 500 |
| 5 | 05/18-19/05.11.18- 34,020 | 11.09.18 | 500 |
| 6 | 07/18-19/21.11.18- 32,920 | 15.10.18 | 500 |
| 7 | 11/18-19/13.12.18- 32,880 | 13.11.18 | 500 |
| 8 | 16/18-19/15.01.19- 32,360 | 18.12.18<br>24.12.18 | 500<br>480 |
| 9 | 17/18-19/12.02.19-32,820 | 07.01.19 | 500 |
| 10 | 22/18-19/12.03.19-32,474 | 11.02.19 | 500 |
| **ആകെ** | | | **5980** |

2. പാലിയേറ്റീവ് ഡേയ്ക്ക് ഒരാൾക്ക് അറുപത് രൂപ നിരക്കിൽ ഭക്ഷണ ചെലവിനു പുറമേ പരമാവധി 3000 രൂപയാണ് ചെലവഴിക്കാവുന്നത്. എന്നാൽ 12.03.19 ലെ ബിൽ നം.23/18-19 പ്രകാരം 14,873/- രൂപ ചെലവായിട്ടുണ്ട്. ഇതിൽ ഭക്ഷണ ചെലവായ 8500/- രൂപയും മറ്റ് ചെലവുകൾക്ക് അനുവദനീയമായ 3000/- രൂപയും ചേർത്ത് പരമാവധി 11,500/- രൂപയാണ് ചെലവാക്കാവുന്നത്. അധിക ചെലവ് 3373/- രൂപ.

3. വാഹനം വാടകയ്ക്ക് എടുത്തിരുന്ന 18.08.18 ൽ ട്രിപ്പ് ഷീറ്റ് പ്രകാരം 38 കിലോമീറ്ററും 22.08.18 ഓടിയിട്ടുള്ളത് 37 കിലോമീറ്ററുമാണ്. 35 മുതൽ 44 കിലോമീറ്റർ വരെ ഓടുമ്പോൾ നല്കാവുന്ന വാഹന വാടക 1000/- രൂപയാണ്. എന്നാൽ ബിൽ നം.04/18-19/19.09.18 പ്രകാരം

1200/- രൂപ വീതം നൽകിയിട്ടുണ്ട്. അതായത് രണ്ട് ദിവസത്തേക്കും കൂടി 400/- രൂപ അധികം നൽകി.
ഈ ന്യൂനത ഓഡിറ്റ് എൻക്വയറി മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടിയായി, പാലിയേറ്റീവ് മാർഗ്ഗരേഖ കൃത്യമായി മനസ്സിലാക്കാത്തതുമൂലം വന്ന പിഴവാണെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച (5980+3373+400) 9753/- രൂപ ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കേണ്ടതാണ്.

പാലിയേറ്റീവ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി മിനിട്സ് ബുക്ക് പരിശോധിച്ചപ്പോൾ പല പേജുകളിലും ഹാജർ മാത്രം രേഖപ്പെടുത്തിയതായി കണ്ടു. പ്രോജക്ട് നടപ്പാക്കിയപ്പോൾ അഭിമുഖീകരിക്കേണ്ടി വന്ന പ്രശ്നങ്ങളോ, പരിഹാര നിർദ്ദേശങ്ങളോ മറ്റു ചർച്ചകളിലെ തീരുമാനങ്ങളോ ഒന്നും തന്നെ പല തീയതികളിലും രേഖപ്പെടുത്തിയിട്ടില്ല. ഇതിന് വിശദീകരണവും പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് അവലോകനം ചെയ്യേണ്ടതും, ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

# 1-29 പണം നല്കിയിട്ടും കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്ന് മരുന്ന് ലഭിച്ചില്ല

| | |
|---|---|
| പ്രോജക്ട് നം./ പേര് | 94/18-19, ഡിസ്പെൻസറിയ്ക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 4,50,000- മെയിന്റനൻസ് ഫണ്ട് റോഡിതരം |
| ചെലവ് | 9/18-19/13.02.18 - 9408<br>12/18-19/19.12.18 - 42,332<br>13/18-19/07.01.19 -3,00,000<br>24/18-19/12.03.19 - 98260<br>4,50,000 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ഉദയംപേരൂർ |

ബിൽ നം.13,24 എന്നിവ പ്രകാരം ലഭിക്കേണ്ടിയിരുന്ന 3,98,260/- രൂപയുടെ മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ല. ഇത് കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, 3,98,260/- രൂപയുടെ മരുന്ന് ലഭിക്കാൻ ബാക്കിയുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് അറിയിക്കേണ്ടതാണ്.

# 1-30 കുറുപ്പശ്ശേരി റോഡ് റീ-ടാറിംഗ്-അപാകതകൾ

പ്രോജക്ട് നമ്പർ- 38/19

കരാറുകാരൻ- തോമസ് ജോയ്, അടങ്കൽ 800000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ്

കുറുപ്പശ്ശേരി റോഡ് റീ-ടാറിംഗ് എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ 1569.93 കിലോഗ്രാം ബിറ്റുമിൻ ഉപയോഗിച്ചിട്ടുള്ളതായി അളവ് പുസ്തകം 118/18-19 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. അതായത് 10 ബാരൽ ബിറ്റുമിൻ ഉപയോഗിച്ചതിന്, ഫൈനൽ ബിൽ നൽകിയപ്പോൾ 10 കാലി വീപ്പയുടെ വിലയായി നികുതിയടക്കം 282/- രൂപ നിരക്കിൽ 2820/- രൂപ കുറവ് ചെയ്ത് തനത് ഫണ്ടിൽ ഒടുക്കിയിട്ടുണ്ട്. എന്നാൽ സർക്കുലർ നമ്പർ 59827/FM/07/LSGD/30.10.07 പ്രകാരം ടാർ വീപ്പയുടെ വില ഏത് ഫണ്ടിൽ നിന്നാണോ ടാർ വാങ്ങിയത് ആ ഫണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ഇത് പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിലേക്ക് ഒടുക്കുന്നതിന് പകരം കാലി വീപ്പയുടെ വില തനത് ഫണ്ടിൽ ഒടുക്ക് വരുത്തിയത് ക്രമപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-31 ഭൂരഹിത പട്ടിക ജാതി വിഭാഗത്തിന് ഫ്ലാറ്റ് നിർമ്മാണം - സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പണം ചെലവഴിച്ചു

ഭൂരഹിത പട്ടിക ജാതി വിഭാഗത്തിന് ഫ്ലാറ്റ് നിർമ്മാണം- 2011-12 ൽ ഇ.എം.എസ് ഭവന പദ്ധതിയിൽപ്പെടുത്തി ഭൂരഹിതരായവർക്ക് ഭവന നിർമ്മാണത്തിനായി ഗ്രാമ പഞ്ചായത്ത് വാങ്ങിയ സ്ഥലത്ത് ഭൂരഹിത/ഭവനരഹിത പട്ടികജാതി ഗുണഭോക്താക്കൾക്കായി ഫ്ലാറ്റ് നിർമ്മിക്കുന്നതിന് 2016-17ൽ പഞ്ചായത്ത് പദ്ധതി ആവിഷ്കരിച്ചു. ഒരു നിലയിൽ 5 ഭവനങ്ങൾ വീതം 3 നിലകളിലായി ആകെ 15 വീടുകൾ നിർമ്മിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. 2016-17ൽ ഒന്നാം ഘട്ടമായി 3 വീടുകൾക്ക് 27.24 ലക്ഷം രൂപയും 17-18ൽ രണ്ടാം ഘട്ടമായി 30 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 57.24 ലക്ഷം രൂപ അടങ്കൽ വകയിരുത്തുകയും 42.35 ലക്ഷം രൂപ ചെലവഴിച്ച് 6 വീടുകൾ ഭാഗികമായി പൂർത്തിയാക്കുകയും ചെയ്തു. 2018-19 ൽ 26 ലക്ഷം രൂപ വകയിരുത്തിയെങ്കിലും നിർമ്മാണം താല്ക്കാലികമായി നിലച്ച അവസ്ഥയിലാണ്.

**പദ്ധതി നടത്തിപ്പിലെ അപാകതകൾ**

1. ഫ്ലാറ്റ് നിർമ്മാണത്തിന് ആവശ്യമായ തുക പൂർണ്ണമായി വകയിരുത്താതെ ഓരോ വർഷവും ഒന്നാം ഘട്ടം, രണ്ടാം ഘട്ടം എന്നിങ്ങനെ പ്രോജക്ടുകൾ തയ്യാറാക്കുന്നതുമൂലം ഓരോഘട്ടത്തിലും പ്രവർത്തികൾ പൂർത്തിയാകാതെ അനന്തമായി നീളുന്നു.
2. ഭൂരഹിതരായ/ഭവനരഹിതരായ പട്ടികജാതി ഗുണഭോക്താക്കളുടെ എണ്ണം സർവ്വേ നടത്തി നിശ്ചയിച്ചിട്ടുള്ളതായി കാണുന്നില്ല.
3. പദ്ധതി ആരംഭിച്ചത് 2016-17ൽ ആയതിനാൽ 12-ം പഞ്ചവത്സര പദ്ധതിയുടെ സബ്സിഡി നിബന്ധനകൾക്ക് അനുസൃതമായാണ് പദ്ധതി നിർവ്വഹിക്കപ്പെടേണ്ടത്. 11.01.16 ലെ സർക്കാർ ഉത്തരവ് (എം.എസ്)4/16 ത.സ്വ.ഭ.വ അനുസരിച്ച് ഭവനസമുച്ചയം വീടൊന്നിന് 3.25 ലക്ഷം രൂപയാണ് സബ്സിഡി അനുവദിക്കാവുന്നത്. ഇതനുസരിച്ചായിരിക്കണം എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതെന്നും തുക ചെലവഴിക്കപ്പെടേണ്ടതെന്നും പ്രത്യേകം വ്യക്തമാക്കിയിട്ടുണ്ട്. ഇത് പ്രകാരം 48,75,000/- രൂപയാണ് 15 വീടുകൾക്കായി വകയിരുത്തി ചെലവഴിക്കപ്പെടേണ്ടത്. എന്നാൽ 6 വീടുകൾക്കായി ഇപ്പോൾതന്നെ 42.35 ലക്ഷം രൂപ ചെലവഴിക്കപ്പെട്ടു. അതായത് ഒരു വീടിന് സർക്കാർ നിർദ്ദേശിച്ചതിലും കൂടുതലായി 3,80,833/- രൂപ ചെലവഴിക്കപ്പെട്ടു. അതായത് 6 വീടുകൾക്കായി 22,85,000/- രൂപ അധികം ചെലവഴിച്ചിരിക്കുന്നു. ഇത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ഫ്ലാറ്റ് നിർമ്മാണത്തിന്റെ പൂർത്തീകരണ ഘട്ടത്തിൽ ആകെ ചെലവ് സർക്കാർ നിർദ്ദേശാനുസരണം ക്രമപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-32 ഗ്രോബാഗ് വിതരണം - പദ്ധതി നടത്തിപ്പിലെ അപാകത

| | | |
|---|---|---|
| പ്രൊജക്ട് നം.,പേര് | എസ് 025/19, ഗ്രോബാഗ് വിതരണം | |
| അടങ്കൽ | 6,62,160/-(വികസനഫണ്ട്), 220720/-(മറ്റുള്ളവ),<br>ആകെ 8,82,880/- | |
| ചെലവ് | 6,48,000/-(വികസനഫണ്ട്) | ബിൽ നം. 5/18-19 ;30.11.18; 1,50,000/- |
| | | ബിൽ നം.17/18-19 ;28.01.19; 3,00,000/- |
| | | ബിൽ നം.19/18-19 ; 27.02.19; 99,000/- |
| | | ബിൽ നം.20/18-19 ; 27.02.19; 99,000/- |
| നിർവഹണഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ | |

കൃഷിഭവന്റെ നിയന്ത്രണത്തിൽ പ്രവൃത്തിക്കുന്ന കാർഷിക കർമ്മസേനകൾ വഴി പോട്ടിംഗ് മിശ്രിതം നിറച്ച ഗ്രോബാഗുകൾ തൈകളോടുകൂടി ഗുണഭോക്താക്കൾക്ക് എത്തിച്ചുകൊടുക്കുന്ന രീതിയിൽ 2018-19 സാമ്പത്തികവർഷത്തിൽ കൃഷി ഓഫീസർ നടപ്പാക്കിയ പ്രൊജക്ടാണിത്.

ഗുണഭോക്തൃവിഹിതം കാർഷിക കർമ്മസേന ഗുണഭോക്താക്കളിൽ നിന്നും വാങ്ങുകയും കർമ്മസേന നല്കുന്ന ഇൻവോയ്സിനനുസൃതമായി കൃഷി ഓഫീസർ സബ്സിഡി മാറി കർമ്മസേനയ്ക്ക് നല്കുകയും ചെയ്യുന്ന രീതിയിലാണ് പ്രൊജക്ട് നടപ്പിലാക്കിയിട്ടുള്ളത്. 14.02.18ലെ സർക്കാർ ഉത്തരവ് സ.ഉ(കൈ)നം.22/2018/തസ്വഭവ പ്രകാരം ഗുണഭോക്താക്കൾക്ക് ഗ്രോബാഗുകൾ വാങ്ങി നല്കണം. കർമ്മസേന വഴി ഗുണഭോക്തൃവിഹിതം പിരിച്ച് (പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല) കർമ്മസേന തന്നെ ഗ്രോബാഗുകൾ വിതരണം ചെയ്തിട്ടുണ്ട് എന്ന കാർഷിക കർമ്മസേന സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിൽ കൃഷി ഓഫീസർ തുക പിൻവലിച്ച് കർമ്മസേനയുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയാണ് ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കൾക്ക് വാങ്ങി നല്കാതെ കർമ്മസേന മുഖേന ഗ്രോബാഗ് വിതരണം ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11; 26.09.19) ഹാജരാക്കിയ മറുപടിയിൽ കർമ്മസേന പഞ്ചായത്തിന്റെയും കൃഷിഭവന്റെയും നിയന്ത്രണത്തിലും മേൽനോട്ടത്തിലും പ്രവൃത്തിക്കുന്ന സ്ഥാപനമായതിനാലും കൃഷിവകുപ്പിന്റെ പദ്ധതികളിലും (മുൻ വർഷങ്ങളിലുൾപ്പെടെ) കർമ്മസേന മുഖേനയാണ് ഗ്രോബാഗുകൾ നിറച്ച് വിതരണം ചെയ്തത് എന്നാണ് പറഞ്ഞിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കുവാൻ കഴിയില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 6,48,000/-രൂപ തടസ്സപ്പെടുത്തുന്നു.

# 1-33 നിശ്ചിത സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നതിന് ഫൈൻ ഈടാക്കിയിട്ടില്ല

1. പ്രോജക്ട് നമ്പർ- 54/19

കണ്ണോത്ത് റോഡ് കട്ട വിരിക്കൽ വാർഡ് 13

അടങ്കൽ – 620000/- എഗ്രീഡ് പി.എ.സി - 607552.87/-

കരാറുകാരൻ - ശ്രീ റെജി മാത്യു. അളവ് പുസ്തകം - 203/18-19

കണ്ണോത്ത് റോഡ് കട്ട വിരിക്കൽ വാർഡ് 13 - എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടുള്ളത് 02.07.2018 ൽ ആണ്. ഇത് പ്രകാരം നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം എഗ്രിമെന്റ് വെക്കേണ്ടതാണ്. എന്നാൽ എഗ്രിമെന്റ് വെച്ചിട്ടുള്ളത് 13.08.2018 ൽ മാത്രമാണ്. സർക്കാർ ഉത്തരവ് (പി) 13/12/പി.ഡബ്ല്യൂ.ഡി/ 01.12.2012 പ്രകാരം പുതുക്കിയ പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം ഫൈനില്ലാതെയും തുടർന്നുള്ള 10 ദിവസത്തിനകം 1% ഫൈനോടുകൂടിയും എഗ്രിമെന്റ് വെക്കാവുന്നതാണ്. അല്ലാത്തപക്ഷം കരാർ റദ്ദാക്കുകയും ഇ.എം.ഡി കണ്ടുകെട്ടേണ്ടതുമാണ്. എന്നാൽ നിശ്ചിത സമയ പരിധിക്കുള്ളിൽ എഗ്രിമെന്റ് വെക്കാതിരുന്നിട്ടും ഫൈൻ ഈടാക്കാതിരുന്നതുമൂലമുണ്ടായ 6076/- രൂപയുടെ, (607552.87x1%) നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

കൂടാതെ പി.ഡബ്ല്യൂ.ഡി മാന്വൽ സെക്ഷൻ 2010, കേരള ഫിനാൻസ് ആക്ട് 2018(4) (a) (f) പ്രകാരം പൊതുമരാമത്ത് പ്രവർത്തികൾക്ക് കരാർ തുകയുടെ 0.1% മൂല്യമുള്ള മുദ്രപ്പത്രത്തിൽ മിനിമം 200/- രൂപ പരമാവധി ഒരു ലക്ഷം എന്ന പരിധിക്ക് വിധേയമായി കരാർ ചമയ്ക്കേണ്ടതാണ്. എന്നാൽ ഈ പ്രവർത്തിക്കായി 200/- രൂപയുടെ മുദ്ര പത്രത്തിൽ മാത്രമാണ് കരാർ വെച്ചിട്ടുള്ളത്. ആയതിനാൽ മുദ്രപ്പത്ര വിലയിനത്തിൽ സംസ്ഥാന സർക്കാരിന് 400/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

2. പ്രോജക്ട് നമ്പർ 79/19, കൊച്ചുവീട് വെളുത്തശ്ശേരി റോഡ് കട്ടവിരിക്കൽ എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, കരാർ തുക 503603.55/- രൂപയായിരുന്നിട്ടും കരാറുകാരൻ ശ്രീ. റെജി മാത്യു 200/- രൂപയുടെ മുദ്രപ്പത്രത്തിൽ മാത്രമാണ് എഗ്രിമെന്റ് വെച്ചിട്ടുള്ളത്. മേൽ സൂചിപ്പിച്ച വിധം നിയമവിരുദ്ധമായി കരാറിലേർപ്പെട്ടതുമൂലം 310/- രൂപയുടെ (503603.55x0.1% -200) നഷ്ടം സംസ്ഥാന സർക്കാരിന് സംഭവിച്ചിട്ടുണ്ട്. ആയത് കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്.

3. പ്രോജക്ട് നമ്പർ 154/19 പോലീസ് സ്റ്റേഷൻ റോഡ് കട്ടവിരിക്കൽ

കരാറുകാരൻ - ശ്രീ. ടി.കെ റെജി, എഗ്രീഡ് പി.എ.സി- 454435.56/-

ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ കരാറുകാരൻ സെലക്ഷൻ നോട്ടീസ് കൈപ്പറ്റിയിട്ടുള്ളത് 22.10.2018 ൽ ആണ്. ഇത് പ്രകാരം 5.11.2018 നകം പിഴയില്ലാതെ എഗ്രിമെന്റ് വെക്കാവുന്നതാണ്. എന്നാൽ എഗ്രിമെന്റ് വെച്ചിട്ടുള്ളത് 13.11.2018 ൽ ആണ്. എന്നാൽ ഇയാളിൽ നിന്നും മേൽ സൂചിപ്പിച്ച വിധമുള്ള ഫൈൻ ഈടാക്കാതിരുന്നതിനാൽ നഷ്ടമായ 4544/- രൂപ നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

# 1-34 നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിൽ നിഷ്ക്രിയ അക്കൗണ്ടുകൾ തുടരുന്നു

ഗ്രാമ പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചതിൽ പൂത്തോട്ട സർക്കിൾ വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസറുടേയും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റേയും പേരിൽ ഉദയംപേരൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ ഇ.എം.എസ് സമ്പൂർണ്ണ ഭവനപദ്ധതിക്കായുള്ള സംയുക്ത ബാങ്ക് അക്കൗണ്ട് (അക്കൗണ്ട് നമ്പർ 4113) ഇടപാടുകളില്ലാതെ നിഷ്ക്രിയമായി തുടരുന്നതായി കാണുന്നു. പ്രസ്തുത ബാങ്ക് അക്കൗണ്ടിൽ 31.03.2019-ൽ 9293/- രൂപ നീക്കിയിരുപ്പുണ്ട്. 2012 മാർച്ച് മാസത്തോടെ ഇ.എം.എസ് ഭവന പദ്ധതി കാലയളവ് അവസാനിച്ചതിനാൽ ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്ത് നിലവിലുള്ള നീക്കിയിരിപ്പ് ബന്ധപ്പെട്ട ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കേ ണ്ടതാണ്.

# 1- 35 എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ്

## - അപാകത

| | | |
|---|---|---|
| പ്രൊജക്ട് നം.,പേര് | എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് | |
| അടങ്കൽ | 12,00,000/-(വികസനഫണ്ട് എസ് സി പി) | |
| ചെലവ് | 8,46,000/- | 1) ബിൽ നം. 4/18-19 ; 22.03.19 ; 4,23,000/- |
| | | 2) ബിൽ നം. 5/18-19 ; 26.03.19 ; 4,23,000/- |
| നിർവഹണഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ | |

എസ് സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നല്കുന്നതിനായി ഹെഡ്മാസ്റ്റർ നടപ്പാക്കിയ പ്രൊജക്ടാണിത്. ഈ പ്രൊജക്ട് പ്രകാരം ബിരുദ ബിരുദാനന്തര കോഴ്സുകളിൽ അധ്യയനം നടത്തുന്ന 30 വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നല്കിയിട്ടുണ്ട്. രഞ്ജിത്ത്.കെ.മോൻ എന്ന ഗുണഭോക്താവ് അപേക്ഷയോടൊപ്പം ഫോട്ടോ, തിരിച്ചറിയൽ കാർഡ്, വിദ്യാർത്ഥിയാണെന്ന് തെളിയിക്കുന്ന പ്രിൻസിപ്പാളിന്റെ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ഈ അപേക്ഷകന് ആനുകൂല്യം അനുവദിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10,26.09.19) മറുപടി ഹാജരാക്കിയില്ല. രേഖകളുടെ അഭാവത്തിലും ആനുകൂല്യം അനുവദിച്ചതിന് ലാപ്ടോപിന്റെ വിലയായ 28,200/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-36 തുടർ സാക്ഷരത-രേഖകളില്ല

| | | |
|---|---|---|
| പ്രൊജക്ട് നം.,പേര് | എസ് 072/19, തുടർസാക്ഷരത | |
| അടങ്കൽ | 74640/-(തനത് ഫണ്ട്) | |
| ചെലവ് | 74640/- | ചെക്ക് നം. 5041401 ; 19.03.19 ; 61,900/- |
| | | ചെക്ക് നം. 5041435 ; 28.03.19 ; 12,740/- |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.എൽ പി സ്കൂൾ | |

2018-19 സാമ്പത്തികവർഷത്തിൽ ഹെഡ് മാസ്റ്റർ, ഗവ.എൽ പി സ്കൂൾ തുടർസാക്ഷരതയുടെ പ്രവർത്തനങ്ങൾക്ക് വേണ്ടി നടപ്പിലാക്കിയതാണ് ഈ പ്രൊജക്ട്. ഇത് പ്രകാരം പ്ലസ്സ് വൺ തുല്യതാ കോഴ്സ് ഫീസിനത്തിൽ ഒരു ഗുണഭോക്താവിന് 2200/-രൂപയും പത്താംതരം തുല്യതാ കോഴ്സ് ഫീസിനത്തിൽ ഒരു ഗുണഭോക്താവിന് 1750/-രൂപയും നല്കി. പഞ്ചായത്ത് കമ്മിറ്റി 21.02.19ലെ 2(4)നം.തീരുമാനം പ്രകാരം അംഗീകരിച്ച 14 പത്താം തരം തുല്യതാഗുണഭോക്താക്കൾക്കും 17 പ്ലസ്സ് വൺ തുല്യതാഗുണഭോക്താക്കൾക്കും വേണ്ടി ആകെ 61,900/-രൂപ സാക്ഷരതാമിഷന് കൈമാറിയിട്ടുണ്ട്. ഈ ഗുണഭോക്താക്കൾ അഡ്മിഷൻ

എടുത്തതിന്റെ രേഖകൾ ഹാജരാക്കിയെങ്കിലും ക്ലാസ്സുകളിൽ ഹാജരായതിന്റെയും പരീക്ഷ എഴുതിയതിന്റെയും രേഖകൾ ഇല്ല. ആയതിനാൽ ട്യൂഷൻ/താകോഴ്സ് ഫീസിനത്തിൽ ചെലവഴിച്ച 61,900/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-37 തൊഴിലുറപ്പ് പദ്ധതി- മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നടപ്പിലാക്കുന്നു

എസ്.എൻ.ഡി.പി കുറുപ്പശ്ശേരി റോഡ് നടപ്പാത കോണ്ക്രീറ്റിഗ് - എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ, ഈ പദ്ധതി ടെണ്ടർ ക്ഷണിച്ച് കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ശ്രീ. തോമസ് ജോയ് എന്ന കരാറുകാരനെ പൂർണ്ണമായും ഏൽപിച്ചിരിക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയുടെ നിർദ്ദേശപ്രകാരം റോഡ് കോൺക്രീറ്റിംഗ് പോലുള്ള ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾക്ക് ആവശ്യമായ മെറ്റീരിയൽ ടെണ്ടർ നടപടികളിലൂടെ വാങ്ങാവുന്നതും ആയത് കരാറുകാരൻ സപ്ലൈ ചെയ്തുകഴിയുമ്പോൾ സ്റ്റാക്ക് മെഷർമെന്റ് അളവ് പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതും അതിൽ നിന്നും നിയമാനുസൃത കുറവുകൾ വരുത്തിയശേഷം തുക നൽകേണ്ടതുമാണ്. എന്നാൽ ഈ പദ്ധതിയുടെ അളവ് പുസ്തകത്തിൽ, കരാറുകാരൻ സപ്ലൈ ചെയ്ത മെറ്റീരിയൽസിന്റെ സ്റ്റാക്ക് മെഷർമെന്റുകളൊന്നും രേഖപ്പെടുത്തിയിട്ടില്ല. ഇതിൽ നിന്നും കരാറുകാരൻ നേരിട്ട് പ്രവൃത്തി നിർവ്വഹിച്ചിട്ടുള്ളതായാണ് വ്യക്തമാവുന്നത്. എന്നാൽ മസ്റ്റർ റോൾ പ്രകാരം 42 അവിദഗ്ധ തൊഴിലാളികളുടെ സേവനം ഉപയോഗപ്പെടുത്തിയിട്ടുണ്ട്. മെറ്റീരിയൽസ് ഒഴികെ പൂർണ്ണമായും തൊഴിൽ ഘടകത്തിന് പ്രാമുഖ്യം നൽകിക്കൊണ്ട് നടപ്പിലാക്കേണ്ട പദ്ധതി ഇപ്രകാരം നടപ്പിലാക്കിയത് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ പരിപ്രേക്ഷ്യത്തിന് തന്നെ കടക വിരുദ്ധമാണ്. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# 1-38 അനുവദനീയമല്ലാത്ത പ്രൊജക്ട് രൂപീകരിച്ച് തുക ചെലവഴിച്ചു

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 007/19, സ്കൂൾബസ്സുകളുടെ തുടർ ചെലവുകൾ |
| അടങ്കൽ | 3,69,074/-(മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| ചെലവ് | 3,69,074/- ; ബിൽ നം.2/18-19 ; 29.10.18 |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ, ഗവ.എൽ പി സ്കൂൾ |

2018-19 സാമ്പത്തികവർഷത്തിൽ എസ് 007/19നമ്പറിൽ എച്ച് എം നടപ്പിലാക്കിയ സ്കൂൾ ബസ്സുകളുടെ തുടർ ചെലവുകൾ (എസ് എ ജി വൈ പദ്ധതി പ്രകാരം ലഭിച്ചത്) എന്ന പ്രൊജക്ട് സബ്സിഡി മാർഗരേഖ പ്രകാരം അനുവദനീയമല്ലാത്തതാണ്. സ്കൂൾ ബസ്സുകളുടെ ആവർത്തനചെലവുകൾക്ക് തദ്ദേശഭരണസ്ഥാപനം പണം ചെലവഴിക്കുവാൻ പാടില്ല എന്ന്

മാർഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. പ്രൊജക്ട് രൂപീകരണ സമയത്ത് അത് നിയമാനുസൃതവും മാർഗനിർദ്ദേശങ്ങൾക്കനുസൃതവും ആണെന്നും സാങ്കേതിക മാനദണ്ഡങ്ങളും ധനകാര്യനിബന്ധനകളും പാലിച്ചിട്ടുണ്ടെന്നും നിർവഹണ ഉദ്യോഗസ്ഥനായ എച്ച് എം സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്ട് നടപ്പിലാക്കുന്നതിനുള്ള വികസനസ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 10.12.18 ലെ 1ാം നമ്പർ ശുപാർശ 11.12.18 ൽ ഭരണസമിതി 1(1)നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ചു. പദ്ധതിക്ക് 19.12.18 ലെ E/PDL/2018-19 നം. തീരുമാനം പ്രകാരം അസിസ്റ്റന്റ് എഡ്യൂക്കേഷനൽ ഓഫീസറുടെ അംഗീകാരം ലഭിക്കുകയും ചെയ്തു. സ്കൂൾ ബസ്സുകളുടെ തുടർ ചെലവുകൾക്ക് തുക ചെലവഴിക്കുവാൻ പാടില്ല എന്ന വ്യക്തമായ നിർദ്ദേശം നിലനിൽക്കെ ഒട്ടേറേ മനുഷ്യദിനങ്ങൾ ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടില്ലാത്ത പദ്ധതി രൂപീകരിച്ച് ഡി പി സി അംഗീകാരം വാങ്ങുകയും മേൽ നോട്ടമില്ലാതെ തുക ചെലവഴിക്കുകയും ഓഡിറ്റ് എൻക്വയറിയെത്തുടർന്ന് തുക തിരികെ ഒടുക്കുകയും ചെയ്യുന്നതുപോലുള്ള രീതി വരും വർഷങ്ങളിൽ ഒഴിവാക്കേണ്ടതാണ്. മറ്റ് വികസന ആവശ്യങ്ങൾക്ക് ഉപയോഗിക്കാമായിരുന്ന മനുഷ്യദിനങ്ങൾ സബ്സിഡി മാർഗരേഖ പ്രകാരം അനുവദനീയമല്ലാത്ത പദ്ധതിക്ക് വേണ്ടി ചെലവഴിച്ചത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

.

# <u>ഭാഗം -2</u>

# <u>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ</u>

## <u>[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]</u>

# 2-1 വസ്തു നികുതി പുനർ നിർണ്ണയിക്കാത്തതുമൂലം നഷ്ടം

ശ്രീ ഐ.ജെ തോമസ്, മണിപ്പാടം, ഉദയംപേരൂർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 15/115 എന്ന കെട്ടിടം നിലവിൽ കൃഷി ഭവനുവേണ്ടി വാടകയ്ക്ക് നൽകിയിട്ടുള്ളതാണ്. ഈ കെട്ടിടത്തിന്റെ വസ്തു നികുതി ഗാർഹിക ആവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നിരക്കിലാണ് നിർണ്ണയിച്ചിട്ടുള്ളത്. കെട്ടിടത്തിന്റെ ഉപയോഗ ക്രമം മാറിയിട്ടുള്ളതിനാൽ, മാറിയ തീയതി മുതൽ ഓഫീസ് ആവശ്യങ്ങൾക്കായുള്ള കെട്ടിടങ്ങൾക്ക് 20.09.2011 ലെ പഞ്ചായത്ത് കമ്മിറ്റി

തീരുമാനം 1 പ്രകാരം ബാധകമായ 40 രൂപ നിരക്കിലാണ് വസ്തു നികുതി നിശ്ചയിക്കേണ്ടിയിരുന്നത്. ആയതിനാൽ വസ്തു നികുതി നിശ്ചയിച്ചതിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശം താഴെച്ചേർക്കുന്നു.

നിശ്ചയിക്കേണ്ട നികുതി 54 sqm X 40 = 2160

നിലവിലുള്ള നികുതി 448

കുറവ് 1712/- രൂപ

വസ്തു നികുതി പുനർ നിർണ്ണയിച്ച്, കൃഷി ഭവൻ മേൽ കെട്ടിടം വാടകയ്ക്ക് എടുത്ത 2015 ആദ്യപകുതി മുതൽ 2018 രണ്ടാം പകുതി വരെയുള്ള നഷ്ടമായ 1712x4 = 6,848/- രൂപ ഈടാക്കി അറിയിക്കേണ്ടതു്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 സർക്കാർ ഉത്തരവിനു വിരുദ്ധമായി പാലിയേറ്റീവ് കെയർ പ്രോജക്ട് നടപ്പാക്കിയതു മൂലം അധിക ചെലവ്

| | |
|---|---|
| പ്രോജക്ട് നം./ പേര് | 96/18-19, പാലിയേറ്റീവ് കെയർ |
| അടങ്കൽ | 7,00,000 – വികസന ഫണ്ട് പൊതു വിഭാഗം. |
| ചെലവ് | 5,88,300 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, ഉദയംപേരൂർ |

29.10.15 ലെ സർക്കാർ ഉത്തരവ് നമ്പർ 3217/2015/ ത.സ്വ.ഭ.വ -പാലിയേറ്റീവ് കെയർ മാർഗ്ഗരേഖ പ്രകാരം താഴെപ്പറയുന്ന ചെലവുകൾ പ്രോജക്ടിലുൾപ്പെടുത്താവുന്നതാണ്.

ഹോംകെയർ ദിനങ്ങളിൽ ഗൃഹസന്ദർശനങ്ങളിൽ മുഴുവൻ സമയവും പങ്കെടുക്കുന്ന സന്നദ്ധപ്രവർത്തകർക്ക് ഭക്ഷണചെലവായി ഒരാൾക്ക് 60 നിരക്കിൽ പരമാവധി 250/- രൂപ ചെലവഴിക്കാം. (മേൽ ഉത്തരവ്-2.6.3(3).

വാഹന ഉപയോഗവുമായി ബന്ധപ്പെട്ട എല്ലാ ചെലവുകളും എച്ച്.എം.സി വഹിക്കേണ്ടതാണ്, എന്നാൽ ഡ്രൈവറുടെ ദിവസ വേതനം, ഇന്ധന ചെലവ്, റിപ്പയർ ചെലവ് എന്നിവ പ്രോജക്ടിൽ നിന്ന് മാറി എച്ച്.എം.സി ക്ക് നൽകാം. (2.6.5(2iv).

വാഹനവാടക, ഓരോ ദിവസവും ഓടിയ കിലോമീറ്ററിന്റെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ് (2.6.5(3).

ഫിസിയോ തെറാപ്പിസ്റ്റിന്റെ വേതനം (മേൽ ഉത്തരവ്-2.9), നേഴ്സിന്റെ ഹോണറേറിയം (2.8.11), മരുന്ന് ( 2.6.7), മറ്റ് പരിചരണ സമാഗ്രികൾ, (2.6.8) തുടർപരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണ ചെലവ് 60/- രൂപ നിരക്കിൽ (2.6.14), പാലിയേറ്റീവ് കെയർ ഡേയിൽ പങ്കെടുക്കുന്നവർക്ക് 60/- രൂപ നിരക്കിൽ ഭക്ഷണ ചെലവിന് പുറമേ പരമാവധി 3000/- രൂപ എന്നിങ്ങനെ ചെലവഴിക്കാവുന്നതാണ്.

1. എന്നാൽ റിവ്യൂ മീറ്റിംഗ്, പി.എം.സി മീറ്റിംഗ് ചെലവുകൾ എന്നയിനത്തിൽ താഴെപ്പറയുന്ന ബില്ലുകൾ പ്രകാരം തുകകൾ നൽകിയതായി കാണുന്നു.

| ക്രമ നം | ബിൽ നം/ തീയതി / | മീറ്റിംഗ് തീയതി | തുക |
|---|---|---|---|
| 1 | 01/18-19/27.06.18- 69,239 | 13.04.18<br>14.05.18 | 500<br>500 |
| 2 | 02/18-19/23.07.18-74,135 | 12.06.18 | 500 |
| 3 | 03/18-19/17.08.18-33,075 | 10.07.18 | 500 |
| 4 | 04/18-19/19.09.18-34,360 | 14.09.18 | 500 |
| 5 | 05/18-19/05.11.18- 34,020 | 11.09.18 | 500 |
| 6 | 07/18-19/21.11.18- 32,920 | 15.10.18 | 500 |
| 7 | 11/18-19/13.12.18- 32,880 | 13.11.18 | 500 |
| 8 | 16/18-19/15.01.19- 32,360 | 18.12.18<br>24.12.18 | 500<br>480 |
| 9 | 17/18-19/12.02.19-32,820 | 07.01.19 | 500 |
| 10 | 22/18-19/12.03.19-32,474 | 11.02.19 | 500 |
| **ആകെ** | | | **5980** |

2. പാലിയേറ്റീവ് ഡേയ്ക്ക് ഒരാൾക്ക് അറുപത് രൂപ നിരക്കിൽ ഭക്ഷണ ചെലവിനു പുറമേ പരമാവധി 3000/- രൂപയാണ് ചെലവഴിക്കാവുന്നത്. എന്നാൽ 12.03.19 ലെ ബിൽ നമ്പർ 23/18-19 പ്രകാരം 14,873/- രൂപ ചെലവായിട്ടുണ്ട്. ഇതിൽ ഭക്ഷണ ചെലവായ 8500/- രൂപയും മറ്റ് ചെലവുകൾക്ക് അനുവദനീയമായ 3000/- രൂപയും ചേർത്ത് പരമാവധി 11,500/- രൂപയാണ് ചെലവാക്കാവുന്നത്. അധിക ചെലവ് 3373/- രൂപ.

3. വാഹനം വാടകയ്ക്ക് എടുത്തിരുന്ന18.08.18 ൽ ട്രിപ്പ് ഷീറ്റ് പ്രകാരം 38 കിലോമീറ്ററും 22.08.18 ഓടിയിട്ടുള്ളത് 37 കിലോമീറ്ററുമാണ്. 35 മുതൽ 44 കിലോമീറ്റർ വരെ ഓടുമ്പോൾ നല്കാവുന്ന വാഹന വാടക 1000/- രൂപയാണ്. എന്നാൽ ബിൽ നം.04/18-19/19.09.18 പ്രകാരം 1200/- രൂപ വീതം നൽകിയിട്ടുണ്ട്. അതായത് രണ്ട് ദിവസത്തേക്കും കൂടി 400/- രൂപ അധികം നൽകി.

ഈ ന്യൂനത ഓഡിറ്റ് എൻക്വയറി മുഖേന ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടിയായി, പാലിയേറ്റീവ് മാർഗ്ഗരേഖ കൃത്യമായി മനസ്സിലാക്കാത്തതുമൂലം വന്ന പിഴവാണെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച (5980+3373+400) 9753/- രൂപ ഉത്തരവാദിയായ മെഡിക്കൽ ഓഫീസറിൽ നിന്ന് ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിലൊടുക്കേണ്ടതാണ്.

പാലിയേറ്റീവ് ഇംപ്ലിമെന്റേഷൻ കമ്മിറ്റി മിനിട്സ് ബുക്ക് പരിശോധിച്ചപ്പോൾ പല പേജുകളിലും ഹാജർ മാത്രം രേഖപ്പെടുത്തിയതായി കണ്ടു. പ്രോജക്ട് നടപ്പാക്കിയപ്പോൾ അഭിമുഖീകരിക്കേണ്ടി വന്ന പ്രശ്നങ്ങളോ, പരിഹാര നിർദ്ദേശങ്ങളോ മറ്റ് ചർച്ചകളിലെ തീരുമാനങ്ങളോ ഒന്നും തന്നെ പല തീയതികളിലും രേഖപ്പെടുത്തിയിട്ടില്ല. ഇതിന് വിശദീകരണവും പ്രോജക്ടിന്റെ മോണിട്ടറിംഗ് റിപ്പോർട്ടും ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് അവലോകനം ചെയ്യേണ്ടതും, ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

# 3-2 കുരുമുളക് കൃഷി വികസനം-സബ്സിഡി തുക പരിധിയിൽ കവിഞ്ഞ് ചെലവഴിച്ചു

| | |
|---|---|
| പ്രൊജക്ട് നം.,പേര് | എസ് 024/19, കുരുമുളക് കൃഷി വികസനം |
| അടങ്കൽ | 3,00,000/- (വികസനഫണ്ട്) ;60,000/- (മറ്റുള്ളവ) ആകെ 3,60,000/- |
| ചെലവ് | 2,70,000/- (വികസനഫണ്ട്) ;60,000/- (മറ്റുള്ളവ) ആകെ 3,30,000/-ബിൽ നം.2/18-19 ; 16.11.18 ; 2,70,000/- |
| നിർവഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് കുരുമുളക് തൈകളും കർമ്മസേനയോ ജൈവകർഷകഗ്രൂപ്പുകളോ ഉത്പാദിപ്പിക്കുന്ന ട്രക്കോടെർമ സംപുഷ്ടചാണകവും (ഒരു കിലോ പായ്ക്കറ്റ്) തൈകൾക്കൊപ്പം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് കൃഷി ഓഫീസർ നടപ്പിലാക്കിയ പദ്ധതിയാണിത്. പ്രൊജക്ടിന്റെ നടത്തിപ്പിൽ താഴെ പറയുന്ന അപാകത ഉണ്ട്.

നേര്യമംഗലത്തുള്ള ജില്ലാ കൃഷി ഫാമിൽ നിന്നുമാണ് 150/- രൂപ നിരക്കിൽ 2000 എണ്ണം കുരുമുളക് തൈകൾ വാങ്ങിയിട്ടുള്ളത്. (ഇൻവോയ്സ് നം.54/2018-19/DAFN;26.10.18). ഫാമിന് അക്കൗണ്ട് ട്രാൻസ്ഫർ ആയി 3,00,000/-രൂപ കൈമാറിയിട്ടുണ്ട്. 30,000/-രൂപ ഉദയംപേരൂർ കാർഷിക കർമ്മസേനയുടെ അക്കൗണ്ടിലേക്കും ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഗ്രോബാഗിൽ വിതരണം ചെയ്യുന്ന സംഗതികളിൽ 75%ശതമാനം ആണ് അനുവദനീയമായ സബ്സിഡി. അതായത് ഗ്രോബാഗിനായി ചെലവഴിച്ച 3,00,000/-രൂപയിൽ 2,25,000/-രൂപ മാത്രമേ സബ്സിഡിയായി അനുവദിക്കാവൂ. ടി തുക കിഴിച്ചുള്ള തുകയായ 75,000/- രൂപയാണ് ഗുണഭോക്തൃവിഹിതമായി പിരിച്ചെടുക്കേണ്ടത്. എന്നാൽ ആകെ 60,000/-രൂപ മാത്രമേ ഈയിനത്തിൽ പിരിച്ചിട്ടുള്ളൂ. ഇതിന്റെ ചെക്കിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.28,30.09.19) ഹാജരാക്കിയ മറുപടി അംഗീകരിക്കുവാൻ കഴിയില്ല. ആയതിനാൽ സബ്സിഡിയിനത്തിൽ അധികമായി ചെലവഴിച്ച 15,000/-രൂപ ബന്ധപ്പെട്ടവരിൽ നിന്നീടാക്കി ആയതിന്റെ ഹെഡിൽ തിരികെ ഒടുക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# 3-3 റോഡ് റീടാറിംഗ്- അപാകതകൾ

1. വിക്ടറി നഗർ റോഡ് റീ-ടാറിംഗ്- അപാകതകൾ

പ്രോജക്ട് നമ്പർ- 83/19

കരാറുകാരൻ- തോമസ് ജോയ്, അടങ്കൽ 610000/- മെയിന്റനൻസ് ഫണ്ട് റോഡ്.

അളവ് പുസ്തകം 15/18-19, ആകെ മൂല്യം- 403782/-

ബിൽ നമ്പർ- 23/18-19/21.1.19 - 403782/-

വിക്ടറി നഗർ റോഡ് റീ-ടാറിംഗ് എന്ന പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം 1 പ്രകാരം 40mm മെറ്റൽ 12.60m3 സ്റ്റാക്ക് ചെയ്തിട്ടുണ്ട്. അളവ് പുസ്തകം പുറം 4 പ്രകാരം ഒന്നാമിനമായി മോഡിഫൈഡ് പെനിട്രേഷൻ മെക്കാഡം എന്നയിനം 207m2 ചെയ്തിട്ടുണ്ട്. ഡി.എസ്.ആർ ഇനം 16.4.1.2 പ്രകാരം കൊയേഴ്സ് അഗ്രഗേറ്റ് ലൂസ് സ്റ്റാക്കിൽ നിന്നും വോയിഡ്സ് കുറവ് ചെയ്യുന്നതിനായി 7.5% കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം കുറവ് ചെയ്യുമ്പോൾ 40mm മെറ്റൽ 11.65m3 മാത്രമേ പ്രവർത്തി നിർവ്വഹണത്തിനായി ലഭ്യമാവുകയുള്ളൂ. മോർഡ് സ്പെസിഫിക്കേഷൻ ഇനം 75.5.5A.1 പ്രകാരം 1m2 മോഡിഫൈഡ് പെനിട്രേഷൻ മെക്കാഡം ചെയ്യുന്നതിന് 0.06m3, 40mm മെറ്റൽ ആവശ്യമാണ്. ഇതനുസരിച്ച് 11.65m3 മെറ്റൽ ഉപയോഗിച്ച് മോഡിഫൈഡ് പെനിട്രേഷൻ മെക്കാഡം 194.25m2 മാത്രമേ ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഈയിനം 207m2 ചെയ്തതായുള്ള രേഖപ്പെടുത്തൽ അംഗീകരിക്കാവുന്നതല്ല. അധികം ചെയ്ത 12.75m2, (207-194.25), 272.92/m2 നിരക്കിൽ നൽകിയ 3480/- രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

2. മൂലം പറമ്പ് റോഡ് റീ-ടാറിംഗ്- കാന നിർമ്മാണം- അപാകതകൾ

പ്രോജക്ട് നമ്പർ- 135/19

കരാറുകാരൻ - തോമസ് ജോയ്, അടങ്കൽ 589994 മെയിന്റനൻസ് ഫണ്ട് റോഡ്. എഗ്രീഡ് പി.എ.സി- 589362.92

അളവ് പുസ്തകം 205/18-19

ഈ പദ്ധതിയുടെ ഫയൽ പരിശോധിച്ചതിൽ അളവ് പുസ്തകം പുറം 9 പ്രകാരം 40mm മെറ്റൽ 11.63m3 സ്റ്റാക്ക് ചെയ്തിട്ടുണ്ട്. അളവ് പുസ്തകം പുറം 10 പ്രകാരം ഒന്നാമിനമായി മോഡിഫൈഡ് പെനിട്രേഷൻ മെക്കാഡം എന്നയിനം 188.75m2 ചെയ്തിട്ടുണ്ട്. ഡി.എസ്.ആർ ഇനം 16.4.1.2 പ്രകാരം കൊയേഴ്സ് അഗ്രഗേറ്റ് ലൂസ് സ്റ്റാക്കിൽ നിന്നും വോയിഡ്സ് കുറവ് ചെയ്യുന്നതിനായി 7.5% കുറവ് ചെയ്യേണ്ടതാണ്. ഇപ്രകാരം കുറവ് ചെയ്യുമ്പോൾ 40mm മെറ്റൽ 10.76m3 മാത്രമേ പ്രവർത്തി നിർവ്വഹണത്തിനായി ലഭ്യമാവുകയുള്ളൂ. മോർഡ് സ്പെസിഫിക്കേഷൻ ഇനം 75.5.5A.1 പ്രകാരം 1m2 മോഡിഫൈഡ് പെനിട്രേഷൻ മെക്കാഡം ചെയ്യുന്നതിന് 0.06m3, 40mm മെറ്റൽ ആവശ്യമാണ്. ഇതനുസരിച്ച് 10.76m3 മെറ്റൽ ഉപയോഗിച്ച് മോഡിഫൈഡ് പെനിട്രേഷൻ മെക്കാഡം 179.33m2 മാത്രമേ ചെയ്യുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ഈയിനം 188.75m2 ചെയ്തതായുള്ള രേഖപ്പെടുത്തൽ അംഗീകരിക്കാവുന്നതല്ല. അധികം ചെയ്ത 9.37m2, (188.75-179.33), 272.92/m2 നിരക്കിൽ നൽകിയ 2548/- രൂപ ബന്ധപ്പെട്ടവരിൽ നിന്നോ നഷ്ടോത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്.

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| ക്രമ നമ്പർ | വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2018-19 | 600000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 600000 | 00 |
| 2 | ജില്ലാ പഞ്ചായത്ത് | 2018-19 | 246100 | പാലിന് സബ്സിഡി | 246100 | 00 |
| 3 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 25000 | പാലിന് സബ്സിഡി | 25000 | 00 |
| 4 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 100000 | വികലാംഗ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 100000 | 00 |

| | | | | | | |
|---|---|---|---|---|---|---|
| 5 | ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 835500 | ലൈഫ് ഭവന നിർമ്മാണം | 300000 | 535500 |

# 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | ഉള്ളാടൻവെളി മാർക്കറ്റിന് തെക്ക് വശത്തുള്ള കോളനിയിലേക്ക് കുടിവെള്ള പൈപ്പ് ദീർഘിപ്പിക്കൽ | 23/18-19, 23.3.19 | 27000 | 00 | 27000 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | വിവിധ വാർഡുകളിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 14/18-19, 14.11.18 | 21284 | 00 | 21284 |
| കേരള വാട്ടർ അതോറിട്ടി | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 15/18-19, 27.11.18 | 800000 | 00 | 800000 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | 15,20 വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിൽ | 9/18-19, 17.8.18 | 125316 | 00 | 125316 |
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | കോഴിക്കരി എസ്.സി കോളനി സ്ട്രീറ്റൈൻ വലിക്കൽ | 218002389/ 17.8.18 | 190000 | 00 | 190000 |

# 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

# 4-4 വായ്പ / വായ്പ തിരിച്ചടവ്

| ഉത്തരവ് | ലൈഫ് ലോൺതുക | തിരിച്ചടച്ച തുക | തിരിച്ചടക്കവാൻ ബാക്കി |
|---|---|---|---|
| ലൈഫ്/ഇ.കെ.എം / 62/2019/21.3.19 | 657235 | 657235 | 00 |

# 4-5 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവൊന്നുമില്ല.

# 4-6 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് കാലയളവ് | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 1998-99മുതൽ 2001-02 വരെ | 3.5.1 | 2006-07 | പട്ടികജാതി വിഭാഗത്തിനുള്ള കിണർ നിർമ്മാണം ജെ.ജി.എസ്.വൈ | ഓഡിറ്റ് തടസ്സം നീക്കുന്നതിലേക്ക് തീരുമാന സഹിതം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2014-15-2015-16 | 2.1 | 2016-17 | തൊഴിൽ നികുതി സംബന്ധിച്ച് | ഓഡിറ്റ് തടസ്സം നീക്കുന്നതിലേക്ക് രസീതുകളുടെ പകർപ്പ് സമർപ്പിച്ചിട്ടുണ്ട്. |

# 4-7 ചാർജ്ജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-8 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 8,18,01,186 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,32,77,939 |
| വരവിനങ്ങളിലുള്ള നഷ്ടം | 6,848 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30,781 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 17,52,136 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

**(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 2-1 | 6848 | | റീനാ റാഫേൽ, സെക്രട്ടറി |
| 3-1 | | 6380<br>3373 | ഡോ.മഞ്ജു, മെഡിക്കൽ ഓഫീസർ<br>ഡോ.ഷീജ, മെഡിക്കൽ ഓഫീസർ |
| 3-2 | | 15000 | സുനിൽകുമാർ, കൃഷി ഓഫീസർ |
| 3-3(1) | | 3480 | ജോജി യേശുദാസ് |
| 3-3(2) | | 2548 | ജോജി യേശുദാസ്, അസി.എൻജിനീയർ |
| | 6848 | 30781 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 40,436 | ജിഷാ കാതറീൻ.റ്റി.ഡബ്ല്യു, അസി.സെക്രട്ടറി |
| 1-25 | 9,73,600 | റീനാ റാഫേൽ |
| 1-32 | 6,48,000 | സുനിൽകുമാർ, കൃഷി ഓഫീസർ |
| 1-34 | 61,900 | ലേഖാ രവീന്ദ്രൻ, എച്ച്.എം |
| 1-36 | 28,200 | ലേഖാ രവീന്ദ്രൻ, എച്ച്.എം |
| **ആകെ** | **17,52,136** | |

(സി)-കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ.

ഖ.1-23- 3,300

ഖ.1-33(1)-400

1-33(2)-310

(ഡി.) **<u>നഷ്ടം തിട്ടപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.</u>**

ഇല്ല.

.

**(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരംമേൽവിലാസവും</u>**

| | | |
|---|---|---|
| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരംമേൽവിലാസം |
| റീനാ റാഫേൽ, സെക്രട്ടറി | സെക്രട്ടറി, ഉദയംപേരൂർ ഗ്രാമ പഞ്ചായത്ത് | കറുകയിൽ ഹൗസ്, സെന്റ് ആന്റണീസ് ലിങ്ക് റോഡ്, തൈക്കൂടം, വൈറ്റില |
| ഡോ.മഞ്ജു, മെഡിക്കൽ ഓഫീസർ<br>ഡോഷീജ, മെഡിക്കൽ ഓഫീസർ | ലഭ്യമല്ല<br>മെഡിക്കൽ ഓഫീസർ, പി.എച്ച്.എസി, ഉദയംപേരൂർ | 11/211B, നിത്യഹരി വീട്, എം.എൽ.എ.റോഡ്,<br>ഉദയംപേരൂർ.പി.ഒ സാഹിതീസദനം, ചെറുശ്ശേരി ഭാഗം, ചവറ പി.ഒ,കൊല്ലം |
| സുനിൽകുമാർ, കൃഷി ഓഫീസർ | കൃഷി ഓഫീസർ, ഉദയംപേരൂർ, കൃഷിഭവൻ | അഞ്ജനം, സോഫിയാഓർക്കിഡി വില്ല, എടംപാടം റോഡ്, ഉദയംപേരൂർ പി.ഒ. |
| ജോജി യേശുദാസ്, അസി.എൻജിനീയർ | അസി.എഞ്ചിനീയർ, ഉദയംപേരൂർ | രാജുകോട്ടേജ്, കണിയാംപറമ്പ്, തിരുമല, ആലപ്പുഴ |
| ലേഖാ രവീന്ദ്രൻ, ഹെഡ്മിസ്ട്രസ് | ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ് | ചെട്ടിയാമൂഴിക്കൽ, കാഞ്ഞിരമറ്റം, പിൻ-682315 |
| ഷീനാ സുനിൽ | ഒന്നാം വാർഡ് മെമ്പർ | എടംപാടത്ത് ഹൗസ് ഉദയംപേരൂർ പി.ഒ. |
| എം.കെ. അനിൽകുമാർ | രണ്ടാം വാർഡ് മെമ്പർ | മടത്തിപറമ്പ് ഹൗസ്, ഉദയംപേരൂർ |
| ഷീജാ ബാബു | മൂന്നാം വാർഡ് മെമ്പർ | തൊഴപ്പാടൻ ഹൗസ്, കണ്ടനാട് പി.ഒ |
| റീനാ ജോർജ് | നാലാം വാർഡ് മെമ്പർ | പ്ലാക്കിൽ ഹൗസ്, കണ്ടനാട് |
| വിനോദ് ചന്ദ്രൻ | അഞ്ചാം വാർഡ് മെമ്പർ | പുത്തൻപുരക്കൽ ഹൗസ്, ഉദയംപേരൂർ |
| പി.വി. ലോഹിതാക്ഷൻ | ആറാം വാർഡ് മെമ്പർ | പറയംവെളിയിൽ ഹൗസ്, നടക്കാവ് |
| ജോൺ ജേക്കബ്.ജെ.ജെ | ഏഴാം വാർഡ് മെമ്പർ | കല്ലറക്കൽ ഹൗസ്, സൗത്ത് പറവൂർ |
| ജയാ കേശവദാസ് | എട്ടാം വാർഡ് മെമ്പർ | വടക്കേമഠത്തിൽ ഹൗസ്, പൂത്തോട്ട |
| റീനാ രവീന്ദ്രൻ | ഒൻപതാം വാർഡ് മെമ്പർ | നാല് കണ്ടത്തിൽ ഹൗസ്, പൂത്തോട്ട |
| തുളസി | പത്താം വാർഡ് മെമ്പർ | കണ്ടശ്ശേരിൽ ഹൗസ്, സൗത്ത് പറവൂർ |
| സജിതാ | പതിനൊന്നാം വാർഡ് | കുന്നേൽ ഹൗസ്, |

| | | |
|---|---|---|
| സുനിൽകുമാർ | മെമ്പർ | സൗത്ത് പറവൂർ |
| റ്റി.പി.ഷാജി | പന്ത്രണ്ടാം വാർഡ് മെമ്പർ | തച്ചേത്ത് ഹൗസ്, സൗത്ത് പറവൂർ |
| പി.സി.ബിനീഷ് | പതിമൂന്നാം വാർഡ് മെമ്പർ | പറയിടത്തുവെളി ഹൗസ്, നടക്കാവ് |
| സി.പി.സുനിൽകുമാർ | പതിനാലാം വാർഡ് മെമ്പർ | ചാലിയത്ത് ഹൗസ്, നടക്കാവ് |
| ഗിരിജാ വരദൻ | പതിനഞ്ചാം വാർഡ് മെമ്പർ | കണ്ണാച്ചേരി ഹൗസ്, നടക്കാവ് |
| ഇ.എസ്.ജയകുമാർ | പതിനാറാം വാർഡ് മെമ്പർ | ഏഴുതങ്കൽ ഹൗസ്, നടക്കാവ് |
| സാജു പൊൻഗാലയിൽ | പതിനേഴാം വാർഡ് മെമ്പർ | പൊൻഗാലയിൽ ഹൗസ്, ഉദയംപേരൂർ |
| കെ.എസ്.ദേവരാജൻ | പതിനെട്ടാം വാർഡ് വാർഡ് മെമ്പർ | കോലോത്തുംവെളി ഹൗസ്, ഉദയംപേരൂർ |
| മിനി ദിവാകരൻ | പത്തൊൻപതാം വാർഡ് മെമ്പർ | എള്ളുപറമ്പിൽ ഹൗസ്, ഉദയംപേരൂർ |
| ഉഷാ പവിത്രൻ | ഇരുപതാം വാർഡ് മെമ്പർ | ചെമ്മലപ്പടി ഹൗസ്, ഉദയംപേരൂർ |

# 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18 തീ. 7.9.18 |
| 1997-98 | എൽ.എഫ്.ഇ(പി4)134/2004 തീ. 25.10.2004 |
| 1998-99മുതൽ 2001-02വരെയുള്ള പദ്ധതിവിഹിതം ഒഴികെ ചെലവ് | എൽ.എഫ്.ഇ(പി6)376/2006 തീ. 05.10.06 |
| 1998-99 (വരവ്) | എൽ.എഫ്.ഇ(പി6)2008/2007 തീ. 09.07.08 |
| 1999-2000(വരവ്) | എൽ.എഫ്.ഇ(പി6)2009/2007 തീ. 09.07.08 |
| 2000-2001(വരവ്) | എൽ.എഫ്.ഇ(പി6)2010/2007 തീ. 09.07.08 |
| 2001-2002(വരവ്) | എൽ.എഫ്.ഇ(പി6)2011/2007 തീ. 09.07.08 |
| 2002-2003 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18 തീ. 7.9.18 |
| 2004-2005 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18 തീ. 7.9.18 |
| 2005-2006 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18 തീ. |

| | |
|---|---|
| | 7.9.18 |
| 2006-2007 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18 തീ. 7.9.18 |
| 2007-2008 | കെ.എസ്.എ-ഇ.കെ.എം (പി6) 709/18 തീ. 7.9.18 |
| 2008-2009 | എൽ.എഫ്.ഇ(പി6)253A/12 തീ. 30.7.12 |
| 2009-2010 | എൽ.എഫ്.ഇ(പി6)2074/11 തീ. 10.01.12 |
| 2010-2011 | എൽ.എഫ്.ഇ(പി6)584/12 തീ. 11.5.12 |
| 2011-2012 & 2012-13 | എൽ.എഫ്.ഇ(പി6)161/2014 തീ. 16.9.15 |
| 2013-14 | കെ.എസ്.എ.ഇ.കെ.എം(പി6)1542/15തീ.28.1.16 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി6)1106/16തീ.26.07.18 |
| 2015-16 | കെ.എസ്.എ ഇ.കെ.എം(പി6)2041/2016 തീ.21.02.16 |
| 2016-17 | കെ.എസ്.എ ഇ.കെ.എം(പി6)1651/2017 തീ.20.06.18 |
| 2017-18 | കെ.എസ്.എ ഇ.കെ.എം(പി6)2044/2018 തീ.6.7.19 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം.

# <u>അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള

പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ഉദയംപേരൂർ ഗ്രാമപഞ്ചായത്തിന്റെ** 2018-19 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധം കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**

## 2018-19 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

1. വസ്തുനികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

2. ഭൂമിയുൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയ്ത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3. I – 18 ഷെഡ്യൂൾ പ്രകാരം വസ്തുനികുതിയിൽ വൻ തുക ജേണൽ എൻട്രി നടത്തി ഡിമാന്റിൽ കുറവ് വരുത്തിയിട്ടുണ്ട്. ഈ തുകകളുടെ വാർഡ് പ്രകാരമുള്ള കണക്കുകളല്ലാതെ കെട്ടിട നമ്പർ, ഏതിനത്തിലാണ് കുറവ് വരുത്തിയത് എന്നുള്ള വിശദമായ കണക്കുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഇപ്രകാരം കുറവ് വരുത്തിയതിനുള്ള ഭരണസമിതി അംഗീകാരവും സെക്രട്ടറിയുടെ ഉത്തരവും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

4. B – 11 ഷെഡ്യൂൾ 410710103 എന്ന ശീർഷകത്തിൽ മൂവബിൾ അസറ്റ്സ് - പ്ലാന്റ്, മെഷീനറി, ടൂൾസ് - ന്റെ മൂല്യം 2,01,362/- രൂപയാണ്. ഇതേ ഷെഡ്യൂളിൽ ഈയിനത്തിലുള്ള ഡിപ്രീസിയേഷൻ, മൂല്യത്തിലും അധികമായ 2,14,244/-രൂപയാണ്. മൂല്യത്തേക്കാളും കൂടുതലായി ഡിപ്രീസിയേഷൻ കാണിച്ചിരിക്കുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **UDAYAMPERUR** Grama Panchayat in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayat Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of Accounts of Panchayat Raj Institutions, and the instructions vide G.O.(Rt)1413/2018/LSGD dated 22/05/2018.

In my opinion the Annual Financial Statement of UDAYAMPERUR Grama Panchayat for the year 2018-19 subject to the observations in the Annexure-2, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## Abstract of Deficiencies/Discrepancies found on the verification of Annual Financial Statement for the year 2018-19

1. The accounts of property tax in AFS differs with Sanchaya accounts.

2. Assets including Land are not completely accounted in the Register concerned and not reconciled with the AFS.

3. According to Schedule No. I-18, there is write off of demand in property tax by way of journal entry for large amounts. The details of the write off of the property tax, the approval of the Panchayath committee and the order of the secretary for write off etc had not produced for verfification.

4. Under the head 410710103 in B-11 Schedule, the value of movable assets – plant, machinery, tools is ₹2,01,362/-. In the same schedule, the depreciation in this item is ₹2,14,244/- which is higher than its value.

DEPUTY DIRECTOR